# കേരള നിയമസഭ
## 20.01.2014–ലെ മറുപടിക്ക്

ഭൂരഹിതരില്ലാത്ത കേരളം 2015 പദ്ധതി

1220 ശ്രീ. സി. പി. മുഹമ്മദ്
,, ജോസഫ് വാഴക്കൻ
,, ബെന്നി ബെഹനാൻ
,, വി. ഡി. സതീശൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 'ഭൂരഹിതരില്ലാത്ത കേരളം 2015' പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് പ്രസ്തുത പദ്ധതി മുഖേന കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ;

(സി) ഭൂരഹിതരായവർക്ക് നൽകാനുള്ള ഭൂമി കണ്ടെത്തുന്നതിനും അവ വിതരണം ചെയ്യുന്നതിനും എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ;

(ഡി) പദ്ധതി നടപ്പാക്കുന്നതിന് ഭരണതലത്തിൽ ഒരുക്കിയിരിക്കുന്ന ക്രമീകരണങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

# കേരള നിയമസഭ
## 20.01.2014-ലെ മറുപടിക്ക്

'ഭൂരഹിതരില്ലാത്ത കേരളം' പദ്ധതി

1221 ശ്രീ. തോമസ് ഉണ്ണിയാടൻ
,, റ്റി. യു. കുരുവിള
,, സി. എഫ്. തോമസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) രാജ്യത്തിനാകെ മാതൃകയായി നടപ്പിലാക്കിയ 'ഭൂരഹിതരില്ലാത്ത കേരളം' പദ്ധതിയുടെ വിശദാംശം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത പദ്ധതികൾ കാര്യക്ഷമമായി നടപ്പിലാക്കുന്നതിന് സ്വീകരിച്ച് വരുന്ന നടപടി എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 20.01.2014-ലെ മറുപടിക്ക്

'ഭൂരഹിതരില്ലാത്ത കേരളം' പദ്ധതി നടപ്പിലാക്കുന്നതിനുള്ള മാനദണ്ഡങ്ങൾ

1222 ശ്രീ. ഇ. പി. ജയരാജൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 'ഭൂരഹിതരില്ലാത്ത കേരളം' പദ്ധതി നടപ്പിലാക്കുവാനായി ഓരോ ജില്ലയിലും എത്ര ഭൂമി വീതമാണ് നീക്കിവച്ചത്;

(ബി) ഓരോ ജില്ലയിലും എത്ര അപേക്ഷകരാണ് ഉള്ളത്; വിശദമാക്കാമോ;

(സി) ഏറ്റവുമധികം അപേക്ഷകരുള്ളത് ഏതു ജില്ലയിലാണ്;

(ഡി) ഏറ്റവുമധികം ഭൂരഹിതരുള്ള ജില്ലയിൽ എത്രപേർക്ക് പദ്ധതി പ്രകാരം സ്വന്തം ജില്ലയിൽ തന്നെ പട്ടയം നൽകിയെന്നു വ്യക്തമാക്കുമോ;

(ഇ) നാളിതുവരെ ഓരോ ജില്ലയിലും എത്ര പേർക്ക് ഭൂമി വിതരണം ചെയ്തിട്ടുണ്ട്; വ്യക്തമാക്കാമോ;

(എഫ്) ഭൂമിവിതരണം ചെയ്യുന്നതിനുള്ള മുൻഗണനാ മാനദണ്ഡങ്ങൾ എന്തെല്ലാമാണ്;

(ജി) അപേക്ഷകരുടെ സീനിയോറിറ്റി അനുസരിച്ചാണോ ഭൂമി വിതരണത്തിനുള്ളവരെ കണ്ടെത്തുന്നത്;

(എച്ച്) അപേക്ഷകരുടെ സീനിയോറിറ്റിയും മുൻഗണനാ മാനദണ്ഡങ്ങളും മറികടന്ന് എത്ര പേർക്ക് ഭൂമി വിതരണം ചെയ്തിട്ടുണ്ട്;

(ഐ) ഇങ്ങനെ ഭൂമി വിതരണം ചെയ്യുന്നതിനുള്ള ന്യായീകരണം എന്താണ്?

# കേരള നിയമസഭ
# 20.01.2014-ലെ മറുപടിക്ക്

<u>'ഭൂരഹിതരില്ലാത്ത കേരളം' പദ്ധതി - പട്ടികവർഗ്ഗക്കാർക്കായുള്ള ഭൂമി വിതരണം</u>

1223 ശ്രീ. കെ. രാധാകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നടപ്പിലാക്കിവരുന്ന 'ഭൂരഹിതരില്ലാത്ത കേരളം' പദ്ധതിയിൽ ഭൂരഹിതരായി പട്ടികവർഗ്ഗവിഭാഗത്തിൽപ്പെട്ട എത്ര പേർ ഉൾപ്പെട്ടിട്ടുണ്ടെന്ന് ജില്ലതിരിച്ച് വ്യക്തമാക്കുമോ;

(ബി) ഇവരിൽ എത്ര പേർക്ക് ഭൂമി വിതരണം ചെയ്തുവെന്നും അതിന്റെ മറ്റ് വിശദാംശങ്ങളും ലഭ്യമാക്കാമോ;

(സി) ഭൂരഹിതരായ ആദിവാസിവിഭാഗക്കാർക്ക് പൂർണ്ണമായും ഭൂമിവിതരണം എപ്പോൾ പൂർത്തിയാക്കുമെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 20.01.2014-ലെ മറുപടിക്ക്

ഭൂരഹിതർക്ക് നൽകാനായി കണ്ടെത്തിയ ഭൂമി

1224 ശ്രീ. എം. എ. ബേബി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഭൂരഹിതർക്ക് നൽകാനായി കണ്ടെത്തിയ ഭൂമി എത്ര ഏക്കർ വീതം, ഏതെല്ലാം എന്ന് ജില്ല തിരിച്ച് വെളിപ്പെടുത്താമോ;

(ബി) ഭൂരഹിതർക്ക് ഭൂമി നൽകുന്ന പദ്ധതി പ്രകാരം ഭൂമിയ്ക്ക് വേണ്ടി അപേക്ഷിച്ചവർ എത്രയാണെന്നും അവർക്ക് ഭൂമി നൽകാൻ എത്ര ഏക്കർ ഭൂമി ആവശ്യമാണെന്നും ജില്ല തിരിച്ച് വെളിപ്പെടുത്താമോ;

(സി) നാളിതുവരെ പ്രസ്തുത പദ്ധതിയിൻ കീഴിൽ എത്ര പേർക്ക് വീതം ഭൂമി പതിച്ച് നൽകിയിട്ടുണ്ടെന്ന് ജില്ല തിരിച്ച് വെളിപ്പെടുത്താമോ;

(ഡി) സംസ്ഥാനത്ത് ഭൂരഹിതർ എത്രയാണെന്ന് ജില്ല തിരിച്ചുള്ള കണക്ക് വിശദമാക്കാമോ?

# കേരള നിയമസഭ
## 20.01.2014-ലെ മറുപടിക്ക്

'ഭൂരഹിതരില്ലാത്ത കേരളം' പദ്ധതി

1225 ശ്രീമതി കെ.കെ. ലതിക

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിൽ ഭൂരഹിതർ ഉള്ളതായി കരുതുന്നുണ്ടോ; 'ഭൂരഹിതരില്ലാത്ത കേരളം' പദ്ധതി വഴി എത്ര പേർക്ക് ഭൂമി നൽകുമെന്നായിരുന്നു പ്രഖ്യാപിച്ചിരുന്നത്; എത്ര പേർ ലഭിച്ച ഭൂമിയിൽ വീട് നിർമ്മിച്ച് പ്രവേശിച്ചു;

(ബി) പ്രസ്തുത പദ്ധതിയുടെ സംസ്ഥാനതല ഉദ്ഘാടനം നടത്തിയത് ആരായിരുന്നു; ഉദ്ഘാടനം ചെയ്തുകൊണ്ട് വിതരണം ചെയ്യപ്പെട്ട പട്ടയങ്ങൾ എത്രയായിരുന്നു; ഇവയിൽ നിയമപരമായി നിലനിൽക്കില്ലെന്ന് ആക്ഷേപിക്കപ്പെട്ടവ എത്ര;

(സി) സംസ്ഥാനത്തിപ്പോൾ ഭൂരഹിതരായിട്ടെത്ര പേർ ഉണ്ടെന്നതിന്റെ കണക്കുകൾ ലഭ്യമാക്കാമോ;

(ഡി) 'ഭൂരഹിതരില്ലാത്ത കേരളം' പരിപാടിയുടെ വിവിധ ഘട്ടങ്ങളിലുള്ള പ്രചാരണം, ഉദ്ഘാടനച്ചെലവ്, പത്ര-ദൃശ്യമാധ്യമങ്ങൾ വഴിയുള്ള പരസ്യച്ചെലവ് എന്നിങ്ങനെ ഏതെല്ലാം ഇനത്തിൽ എന്തുതുക ഖജനാവിൽനിന്നും ചെലവായിട്ടുണ്ട്; പരസ്യങ്ങൾ വഴി നൽകപ്പെട്ട ഉറപ്പുകൾ എല്ലാം പാലിക്കപ്പെട്ടിട്ടുണ്ടോ?

# കേരള നിയമസഭ
## 20.01.2014–ലെ മറുപടിക്ക്

'ഭൂരഹിതരില്ലാത്ത കേരളം പദ്ധതി'

1226 ശ്രീ. ഇ. കെ. വിജയൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 'ഭൂരഹിതരില്ലാത്ത കേരളം' പദ്ധതിയിൽ ഇതുവരെ എത്ര അപേക്ഷ ലഭിച്ചിട്ടുണ്ട്; ജില്ലതിരിച്ചുളള കണക്ക് ലഭ്യമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിയിലേയ്ക്ക് ലഭിച്ച അപേക്ഷകളിൽ എത്രപേർക്ക് ഭൂമി നൽകിയിട്ടുണ്ട്; ജില്ല തിരിച്ച് വിശദാംശങ്ങൾ ലഭ്യമാക്കാമോ?

# കേരള നിയമസഭ
## 20.01.2014-ലെ മറുപടിക്ക്

ഭൂരഹിതർക്ക് ഭൂമി നല്കുന്ന പദ്ധതി

1227 ശ്രീ. കെ. സുരേഷ് കുറുപ്പ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഭൂരഹിതർ ഇല്ലാത്ത എത്ര ജില്ലകൾ സംസ്ഥാനത്തുണ്ട് ; അവ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ ;

(ബി) ഭൂരഹിതരില്ലാത്ത ജില്ലകളിലെ ഭൂവുടമകളുടെ എണ്ണം ലഭ്യമാക്കാമോ ;

(സി) ഭൂരഹിതർക്ക് ഭൂമി നല്കുന്ന പദ്ധതി പ്രകാരം ഭൂരഹിതരായ എത്രയാളുകളിൽ നിന്ന് അപേക്ഷകൾ ലഭിക്കുകയുണ്ടായി ; ഇതിൽ യോഗ്യരായ അപേക്ഷകർ എത്ര; ജില്ല തിരിച്ച് വ്യക്തമാക്കാമോ ; എത്ര അപേക്ഷകൾ യോഗ്യത ഇല്ലാത്തതിനാൽ തള്ളിക്കളയുകയുണ്ടായി ;

(ഡി) സർക്കാർ എത്ര പേർക്ക് എത്ര സെന്റ് വീതം എത്ര ഏക്കർ ഭൂമി ഇതിനകം അനുവദിച്ച് നല്കുകയുണ്ടായി ; അനുവദിച്ച ഭൂമി ഇതിനകം കൈവശപ്പെടുത്തിയിട്ടില്ലാത്തവർ എത്ര ; എത്ര പേർക്ക് സ്വന്തം പ്രദേശത്ത് തന്നെ ഭൂമി അനുവദിക്കുകയുണ്ടായി ; ജില്ലക്ക് പുറത്ത് ഭൂമി അനുവദിച്ച കേസുകൾ എത്ര ?

# കേരള നിയമസഭ
## 20.01.2014-ലെ മറുപടിക്ക്

'ഭൂരഹിതരില്ലാത്ത കേരളം' പദ്ധതിയുടെ നിലവിലെ സ്ഥിതി

1228 ശ്രീ. കെ. വി. വിജയദാസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 'ഭൂരഹിതരില്ലാത്ത കേരളം' പദ്ധതിയുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതി പ്രകാരം എത്രപേർ ഭൂരഹിതരായി നിലവിൽ കേരളത്തിലുണ്ടെന്നുള്ള വിവരം ലഭ്യമാക്കാമോ; ഇതിൽ എത്ര പട്ടികജാതിക്കാരും പട്ടികവർഗ്ഗക്കാരുമുണ്ടെന്നുള്ള വിവരം ലഭ്യമാക്കാമോ;

(സി) ഇപ്രകാരം ജില്ലതിരിച്ചുള്ള കണക്ക് നൽകുമോ;

(ഡി) സമയബന്ധിതമായി പ്രസ്തുത പദ്ധതി പൂർത്തീകരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ?

# കേരള നിയമസഭ
## 20.01.2014–ലെ മറുപടിക്ക്

ഭൂരഹിത കേരളം പദ്ധതി

1229 ശ്രീ. എസ്. ശർമ്മ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഭൂരഹിത കേരളം പദ്ധതി പ്രകാരം ഏതെല്ലാം ജില്ലയിൽ ഭൂമി വിതരണം ചെയ്തിട്ടുണ്ട്;

(ബി) ഏറ്റവും അധികം ഭൂമി വിതരണം ചെയ്യുന്നത് ഏത് ജില്ലയിലാണ്; വ്യക്തമാക്കുമോ;

(സി) എറണാകുളം ജില്ലയിൽ വിതരണം ചെയ്ത ഭൂമിയുടെ വിശദ വിവരം ലഭ്യമാക്കുമോ ?

# കേരള നിയമസഭ
## 20.01.2014–ലെ മറുപടിക്ക്

<u>ഭൂരഹിതരെ സംബന്ധിച്ച വിവരങ്ങൾ</u>

1230 ശ്രീ. കെ. വി. അബ്ദുൾ ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ ഒന്നും രണ്ടും ഘട്ട ജനസമ്പർക്ക പരിപാടിയിലൂടെ വ്യക്തിഗത ആനുകൂല്യങ്ങൾക്കായി ലഭിച്ച പരാതികൾ എത്രയെന്നും തത്സമയം തീർപ്പ് കല്പിക്കപ്പെട്ടവ എത്രയെന്നും ജില്ല തിരിച്ചുള്ള വിവരം ലഭ്യമാക്കുമോ;

(ബി) സ്വന്തമായി ഭൂമി ഇല്ലാത്ത എത്ര പേർ ഭൂമി ലഭിക്കുന്നതിനുവേണ്ടി അപേക്ഷ നൽകിയെന്നും അപേക്ഷ നൽകിയ എത്ര പേർക്ക് ഇതിനകം സർക്കാർ ഭൂമി നൽകിയെന്നും ജില്ലാടിസ്ഥാനത്തിൽ വ്യക്തമാക്കുമോ;

(സി) സർക്കാർ അധികാരത്തിൽവന്നതിനുശേഷം ജനസമ്പർക്ക പരിപാടിയിലൂടെ അല്ലാതെ ഭൂമിക്കായി അപേക്ഷ നൽകിയവരെത്രയെന്നും അതിലെത്രപേർക്ക് ഭൂമി ലഭ്യമാക്കിയെന്നും ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(ഡി) സംസ്ഥാനത്താകെ സ്വന്തമായി ഭൂമിയില്ലാത്തവരെ സംബന്ധിച്ച വിവരം ശേഖരിച്ചിട്ടുണ്ടോ; വിശദമാക്കുമോ ?

# കേരള നിയമസഭ
## 20.01.2014–ലെ മറുപടിക്ക്

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി വിനിയോഗിക്കുന്നതിനുള്ള മാനദണ്ഡം

1231 ശ്രീ. പാലോട് രവി
,, വി. പി. സജീന്ദ്രൻ
,, എ. പി. അബ്ദുള്ളക്കുട്ടി
,, ലൂഡി ലൂയിസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സർക്കാർ അധികാരമേറ്റശേഷം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി വിനിയോഗിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ കൂടുതൽ ഉദാരമാക്കിയിട്ടുണ്ടോ;

(ബി) ഇതു സംബന്ധിച്ച വിശദാംശങ്ങൾ എന്തെല്ലാമാണെന്നു വ്യക്തമാക്കുമോ;

(സി) ധനസഹായം ലഭിക്കുന്നതിനുള്ള പരമാവധി വാർഷികവരുമാനപരിധി ഉയർത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(ഡി) ധനസഹായം അനുവദിക്കുന്നതിനുള്ള അധികാരപരിധി സംബന്ധിച്ച വിവരങ്ങൾ വിശദമാക്കുമോ?

# കേരള നിയമസഭ
## 20.01.2014-ലെ മറുപടിക്ക്

<u>ഭൂരഹിതരായ പട്ടികജാതി വിഭാഗത്തിൽപ്പെട്ടവരുടെ എണ്ണം</u>

1232 ശ്രീ. ഇ. പി. ജയരാജൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഭൂരഹിതരായ പട്ടികജാതി വിഭാഗത്തിൽപ്പെട്ടവരുടെ എണ്ണം എത്രയാണ്; ജില്ലതിരിച്ചുളള കണക്കുകൾ ലഭ്യമാക്കുമോ;

(ബി) ഓരോ ജില്ലയിലും 2011 മെയ് മാസത്തിനു ശേഷം എത്ര പട്ടികജാതി കുടുംബങ്ങൾക്ക് ഭൂമി വിതരണം ചെയ്തിട്ടുണ്ട്; വ്യക്തമാക്കാമോ;

(സി) ഇത് പ്രസ്തുത ജില്ലയിൽ ആകെ വിതരണം ചെയ്ത ഭൂമിയുടെ എത്ര ശതമാനം വരും;

(ഡി) ഓരോ ജില്ലയിലെയും ആകെ ഭൂരഹിതരിൽ എത്ര ശതമാനമാണ് പട്ടികജാതി വിഭാഗത്തിൽപ്പെട്ട കുടുംബങ്ങൾ;

(ഇ) 'ഭൂരഹിതരില്ലാത്ത കേരളം' പദ്ധതിയിൽപ്പെടുത്തി എത്ര പട്ടികജാതി കുടുംബങ്ങൾക്ക് ഓരോ ജില്ലയിലും ഭൂമി വിതരണം ചെയ്തിട്ടുണ്ടെന്നു വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 20.01.2014–ലെ മറുപടിക്ക്

## ഭൂരഹിതര്‍ക്ക് ഭൂമി നല്‍കുന്ന പദ്ധതി

1233 ശ്രീ. സി. കൃഷ്ണന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ഭൂരഹിതര്‍ക്ക് ഭൂമി നല്‍കുന്ന പദ്ധതി പ്രകാരം കണ്ണൂര്‍ ജില്ലയില്‍ എത്ര കുടുംബങ്ങള്‍ക്ക് എവിടെയൊക്കെ ഭൂമി നല്‍കിയെന്ന് പേരും, വിലാസവും സഹിതം വിശദമാക്കാമോ;

(ബി) കണ്ണൂര്‍ ജില്ലയിലെ ഏതെല്ലാം വില്ലേജുകളില്‍ എത്ര ഭൂമി നല്‍കിയെന്ന് വ്യക്തമാക്കാമോ;

(സി) ജില്ലയില്‍ ഭൂമി നല്‍കിയവരില്‍ എത്ര പേര്‍ക്ക് അളന്ന് തിട്ടപ്പെടുത്തികൊടുത്തിട്ടുണ്ടെന്ന് വിശദമാക്കാമോ?

# കേരള നിയമസഭ
## 20.01.2014–ലെ മറുപടിക്ക്

<u>പാലക്കാട് ജില്ലയിലെ ഭൂരഹിത കുടുംബങ്ങൾ</u>

1234 ശ്രീ. വി. ചെന്താമരാക്ഷൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിൽ എത്ര ഭൂരഹിത കുടുംബങ്ങളാണ് ഉള്ളതെന്ന് വിശദമാക്കുമോ ;

(ബി) ഭൂരഹിത കുടുംബങ്ങളെ കണ്ടെത്തുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ;

(സി) പ്രസ്തുത കുടുംബങ്ങൾക്ക് ഭൂമി പതിച്ചുനൽകുന്നതിനുള്ള നടപടി ഏത് ഘട്ടംവരെയായി എന്ന് വിശദമാക്കുമോ ;

(ഡി) എത്ര കുടുംബങ്ങൾക്ക് ഭൂമി പതിച്ചു നൽകിയിട്ടുണ്ട് ; ഇനി എത്ര കുടുംബങ്ങൾക്ക് ഭൂമി നൽകാൻ കഴിയും ; വിശദാംശം നൽകുമോ ;

(ഇ) പതിച്ചു നൽകുന്ന ഭൂമി പാലക്കാട് ജില്ലയിൽത്തന്നെയാണോ ; അതോ മറ്റെതെങ്കിലും ജില്ലകളിലാണോ ; എങ്കിൽ ജില്ലയുടെ പേരും വിശദാംശവും നൽകുമോ ?

# കേരള നിയമസഭ
## 20.01.2014-ലെ മറുപടിക്ക്

<u>കോഴിക്കോട് താലൂക്കിലെ ഈഗിള്‍ പ്ലാന്റേഷന്‍ കോളനി</u>

1235 ശ്രീ. പി.റ്റി.എ. റഹീം

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കോഴിക്കോട് താലൂക്കിലെ ചാത്തമംഗലം വില്ലേജില്‍ ഈഗിള്‍ പ്ലാന്റേഷന്‍ കോളനിയില്‍ എത്ര ഏക്കര്‍ സ്ഥലം സര്‍ക്കാര്‍ ഏറ്റെടുത്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഇതില്‍ എത്രപേര്‍ക്ക് എത്ര ഏക്കര്‍ സ്ഥലം പതിച്ച് നല്‍കിയിട്ടുണ്ടെന്നും, പതിച്ച് നല്‍കുന്നതിനായി എത്ര സ്ഥലം ബാക്കിയുണ്ടെന്നും വ്യക്തമാക്കാമോ;

(സി) പട്ടയം ലഭിച്ചവരില്‍ പ്രസ്തുത സ്ഥലത്ത് ഇപ്പോള്‍ താമസിക്കുന്നവര്‍ എത്രപേരുണ്ടെന്ന് വ്യക്തമാക്കാമോ;

(ഡി) പട്ടയഭൂമി കൈമാറുന്നതിന് കാലാവധി കുറച്ചുകൊണ്ട് സര്‍ക്കാര്‍ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; എങ്കില്‍ ഉത്തരവിന്റെ കോപ്പി ലഭ്യമാക്കാമോ; പുതിയ ഉത്തരവിന്റെ അടിസ്ഥാനത്തില്‍ ഈഗിള്‍ പ്ലാന്റേഷനില്‍ പട്ടയം കിട്ടിയവര്‍ കൈമാറിയ ഭൂമിയില്‍ പുതിയ കൈവശക്കാര്‍ക്ക് പട്ടയം നല്‍കാന്‍ സര്‍ക്കാര്‍ സന്നദ്ധമാകുമോ;

(ഇ) വര്‍ഷങ്ങളായി താമസിച്ചുവരുന്ന കൈവശക്കാര്‍ക്ക് പട്ടയം നല്‍കാന്‍ റവന്യൂ, പഞ്ചായത്ത് ഉള്‍പ്പെടെയുള്ള ഒരു കമ്മിറ്റി രൂപീകരിക്കാനുള്ള നടപടികള്‍ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 20.01.2014-ലെ മറുപടിക്ക്

എസ്റ്റേറ്റ് ഭൂമി മറ്റാവശ്യങ്ങൾക്കായി വിനിയോഗിക്കാനുള്ള അനുമതി

1236 ശ്രീ. എസ്. രാജേന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരള ഭൂപരിഷ്ക്കരണ ഭേദഗതി നിയമത്തിലെ വ്യവസ്ഥകൾ പ്രകാരം അഞ്ച് ശതമാനം എസ്റ്റേറ്റ് ഭൂമി മറ്റാവശ്യങ്ങൾക്കായി വിനിയോഗിക്കാം എന്ന ഉത്തരവ് പുറപ്പെടുവിച്ചത് എന്നാണെന്ന് വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത ഉത്തരവ് പുറപ്പെടുവിച്ചതിനുശേഷം എത്ര തോട്ടം ഉടമകൾ തങ്ങളുടെ കൈവശമുള്ള തോട്ടത്തിന്റെ അഞ്ച് ശതമാനം ഭൂമി മറ്റാവശ്യങ്ങൾക്കായി വിനിയോഗിക്കാനുള്ള അനുമതിക്കായി അപേക്ഷിക്കുകയുണ്ടായി ; ജില്ലതിരിച്ച് പ്രസ്തുത അപേക്ഷകരുടെ ലിസ്റ്റ് ലഭ്യമാക്കാമോ ;

(സി) ജില്ലാകളക്ടർ, സ്റ്റേറ്റ് ലാന്റ് ബോർഡ്, കൃഷി വകുപ്പ് തുടങ്ങിയവയുടെ അനുമതിയോടുകൂടി എത്ര തോട്ടം ഉടമകൾക്ക് ഇതിനകം വിനിയോഗത്തിനുള്ള അനുമതി നല്കുകയുണ്ടായി ; ജില്ല തിരിച്ചുള്ള വിവരം ലഭ്യമാക്കാമോ ?

# കേരള നിയമസഭ
## 20.01.2014-ലെ മറുപടിക്ക്

<u>നെൽവയൽ നീർത്തട സംരക്ഷണ നിയമം</u>

1237 ശ്രീ. ബാബു എം. പാലിശ്ശേരി
,, സി. കെ. സദാശിവൻ
,, കെ. ദാസൻ
,, കെ. വി. വിജയദാസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നെൽവയൽ നീർത്തട സംരക്ഷണ നിയമത്തിൽ ഇളവുകൾ നൽകുന്നതിന് തീരുമാനിച്ചിട്ടുണ്ടോ ; ഇതിനായി നിയമഭേദഗതി കൊണ്ടുവരുന്നതിന് ഉദ്ദേശിച്ചിട്ടുണ്ടോ ; പരിഗണനയിലുള്ള ഇളവുകൾ എന്തെല്ലാമാണ് ; ഇതുപ്രകാരം എത്ര ശതമാനം നെൽവയലുകൾകൂടി ഇല്ലാതാകും എന്ന് കണക്കാക്കിയിട്ടുണ്ടോ ; വ്യക്തമാക്കാമോ;

(ബി) ഇളവ് നൽകുന്നതിന് നിയമത്തിൽ വരുത്തേണ്ട മാറ്റങ്ങൾ സംബന്ധിച്ച് ശുപാർശ സമർപ്പിക്കുന്നതിനായി ഏതെങ്കിലും സമിതിയെ നിയോഗിച്ചിട്ടുണ്ടോ ; സമിതി അംഗങ്ങൾ ആരെല്ലാമാണ് ; സമിതി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ ; റിപ്പോർട്ടിന്റെ ഉള്ളടക്കം ലഭ്യമാക്കാമോ ;

(സി) സംസ്ഥാന വ്യാപകമായി വൻതോതിൽ അനധികൃത നിലംനികത്തൽ നടക്കുന്നതിന്റെ ഫലമായി നെൽവയലുകളുടെ വിസ്തൃതി ദിനംപ്രതി ചുരുങ്ങിവരുന്നത് വിലയിരുത്തിയിട്ടുണ്ടോ ; സംസ്ഥാന രൂപീകരണഘട്ടത്തിൽ ഉണ്ടായിരുന്ന നെൽവയലുകളുടെയും നീർത്തടങ്ങളുടെയും വിസ്തൃതിയിൽ ഇപ്പോൾ എന്തുമാത്രം കുറവ് വന്നിട്ടുണ്ടെന്നതിന്റെ കണക്കുകൾ ലഭ്യമാണോ ; വിശദമാക്കാമോ ;

(ഡി) വർഷംതോറും ഭൂഗർഭ ജലവിതാനം ഗണ്യമായി താഴുന്നതിനും ജലസ്രോതസ്സുകൾ ഇല്ലാതാകുന്നതിനും നിലംനികത്തലുകൾ കാരണമാകുന്നുവെന്ന പഠന റിപ്പോർട്ടുകൾ പരിഗണിക്കുവാൻ തയ്യാറാകുമോ ;

(ഇ) നിലംനികത്തൽമൂലമുണ്ടാകുന്ന മറ്റ് പാരിസ്ഥിതിക പ്രശ്നങ്ങൾ പഠന വിധേയമാക്കിയിട്ടുണ്ടോ ;

(എഫ്) ഭൂമാഫിയകൾക്ക് സഹായകരമാകുന്ന ഇത്തരം നടപടികളിൽനിന്നും പിന്തിരിയുന്നതിനും നിലംനികത്തുന്ന ഭൂമാഫിയകൾക്കും അതിന് കൂട്ടു നില്ക്കുന്ന ഉദ്യോഗ [illegible]

# കേരള നിയമസഭ
## 20.01.2014-ലെ മറുപടിക്ക്

സ്ഥവൃന്ദങ്ങൾക്കുമെതിരെ ശക്തമായ നടപടി സ്വീകരിക്കുന്നതിനും തയ്യാറാകുമോ ?

# കേരള നിയമസഭ
## 20.01.2014–ലെ മറുപടിക്ക്

<u>ആറൻമുള വിമാനത്താവള പദ്ധതിക്കുവേണ്ടിയുള്ള സ്ഥലം നികത്തൽ</u>

1238 ശ്രീ. പി. കെ. ഗുരുദാസൻ
,, രാജു എബ്രഹാം
,, എസ്. ശർമ്മ
ശ്രീമതി പി. അയിഷാ പോറ്റി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആറന്മുള വിമാനത്താവള പദ്ധതിക്കുവേണ്ടി നെൽവയലും നീർത്തടങ്ങളും നികത്തിയിട്ടുണ്ടോ; എങ്കിൽ നികത്തപ്പെട്ട സ്ഥലം എത്ര ഏക്കർ വരുമെന്ന് വെളിപ്പെടുത്താമോ;

(ബി) സ്ഥലം നികത്തുന്നതിന് സർക്കാർ അനുവാദം നൽകിയിരുന്നോ; വിശദമാക്കാമോ;

(സി) നിലം നികത്തലിനെതിരെ സർക്കാർ എന്തെങ്കിലും നടപടി സ്വീകരിച്ചിരുന്നോ; വിശദാംശം ലഭ്യമാക്കാമോ;

(ഡി) വിമാനത്താവളത്തിനുവേണ്ടി നിലംനികത്തുന്നതിനെതിരെ പരാതി ലഭിച്ചിരുന്നോ; ജനങ്ങൾ പ്രക്ഷോഭം നടത്തിയിരുന്നോ; എങ്കിൽ സ്വീകരിച്ച നടപടി വിശദമാക്കാമോ?

# കേരള നിയമസഭ
# 20.01.2014–ലെ മറുപടിക്ക്

<u>നെൽവയൽ – നീർത്തടങ്ങൾ</u>

1239 ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നെൽവയൽ – നീർത്തടങ്ങൾ നികത്തുന്നതിന് നിലവിലുള്ള നെൽവയൽ സംരക്ഷണ നിയമത്തിൽ ഭേദഗതി കൊണ്ടുവരുന്നതിന് എന്തെങ്കിലും നടപടി സ്വീകരിക്കുന്നുണ്ടോ;

(ബി) എങ്കിൽ ഏത് തരത്തിലുള്ള ഭേദഗതിയാണ് വരുത്തുന്നതെന്ന് വിശദമാക്കാമോ?

# കേരള നിയമസഭ
## 20.01.2014–ലെ മറുപടിക്ക്

<u>ഭൂമി കൈയ്യേറ്റങ്ങൾ</u>

1240 ശ്രീ. കെ. കെ. ജയചന്ദ്രൻ
,, കോലിയക്കോട് എൻ. കൃഷ്ണൻനായർ
,, പുരുഷൻ കടലുണ്ടി
,, ബി. ഡി. ദേവസ്സി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വ്യാപകമായി ഭൂമി കൈയ്യേറ്റങ്ങൾ നടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; കൈയ്യേറ്റം തടയുന്നതിനും കൈയ്യേറിയ ഭൂമി തിരിച്ചുപിടിക്കുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) കൈയ്യേറ്റം തടയുന്നതിന് മുൻ സർക്കാരിന്റെ കാലത്ത് രൂപീകരിച്ച ഭൂസംരക്ഷണ സേന നിലവിൽ പ്രവർത്തനസജ്ജമാണോ; കൈയ്യേറ്റ മേഖലകളിലെ സേനയുടെ ഇടപെടൽ വിശദമാക്കാമോ;

(സി) ഇടുക്കി ജില്ലയിലെ പരിസ്ഥിതി ദുർബ്ബല പ്രദേശങ്ങളിൽ വൻ കൈയ്യേറ്റങ്ങളും ഭൂമി കൈമാറ്റങ്ങളും നടക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) സെസ് റിപ്പോർട്ട് മറികടന്ന് ഈ മേഖലകളിൽ ക്വാറികൾ ആരംഭിക്കുന്നതിനുള്ള നീക്കം തടയുന്നതിന് നടപടി സ്വീകരിക്കുമോ;

(ഇ) പ്രസ്തുത മേഖലകളിൽ നടക്കുന്ന കൈയ്യേറ്റങ്ങൾക്കും അനധികൃത നിർമ്മാണങ്ങൾക്കും ഉദ്യോഗസ്ഥർ ഒത്താശ ചെയ്യുന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ?

# കേരള നിയമസഭ
## 20.01.2014-ലെ മറുപടിക്ക്

<u>അട്ടപ്പാടിയിലെ ആദിവാസികളുടെ ഭൂമി</u>

1241 ശ്രീ. എ. കെ. ബാലൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അട്ടപ്പാടിയിൽ ആദിവാസികളുടെ എത്ര ഹെക്ടർ ഭൂമി അന്യാധീനപ്പെട്ടിട്ടുണ്ടെന്നാണ് കണ്ടെത്തിയിട്ടുള്ളത്;

(ബി) ഇതിൽ എത്ര ഹെക്ടർ ഭൂമി തിരിച്ചുപിടിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; ഇതിൽ എത്ര ഭൂമി ആദിവാസികൾക്ക് കൈമാറിയിട്ടുണ്ട്;

(സി) ആദിവാസി ഭൂമി നഷ്ടപ്പെട്ടതും/കൈയ്യേറിയതും സംബന്ധിച്ച് എത്ര കേസ്സുകൾ ഇപ്പോൾ കോടതിയിലുണ്ട്; ഈ സർക്കാർ വന്നതിന് ശേഷം എത്ര കേസ്സുകൾ തീർപ്പായിട്ടുണ്ട്; ഇതു പ്രകാരം ആർക്കെങ്കിലും ഭൂമി തിരികെ ലഭിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ;

(ഡി) ആദിവാസികളുടെ ഭൂമി പാട്ടത്തിനെടുത്ത് കൃഷി ചെയ്യാൻ അനുവാദം നൽകാറുണ്ടോ; എങ്കിൽ എത്ര ഭൂമി ഇപ്രകാരം നൽകിയിട്ടുണ്ട്; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ഇ) ആദിവാസിഭൂമി പാട്ടത്തിനെടുത്ത് കൈവശപ്പെടുത്തിയവർ തിരികെ നൽകാത്തത് സംബന്ധിച്ച് പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 20.01.2014-ലെ മറുപടിക്ക്

<u>സീറോ ലാന്റ് പദ്ധതിയിൽ ഉൾപ്പെടുന്ന കായംകുളം മണ്ഡലത്തിലെ അപേക്ഷകൾ</u>

1242 ശ്രീ. സി. കെ. സദാശിവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സീറോ ലാന്റ് പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായി കായംകുളം മണ്ഡലത്തിലെ ഓരോ വില്ലേജുകളിൽ നിന്നും ലഭിച്ച അപേക്ഷകളുടെ എണ്ണം എത്ര വീതം എന്ന് വിശദമാക്കാമോ;

(ബി) എത്രപേർക്ക് ഭൂമി വിതരണം ചെയ്തിട്ടുണ്ടെന്ന് വില്ലേജ് തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കാമോ?

# കേരള നിയമസഭ
## 20.01.2014-ലെ മറുപടിക്ക്

<u>നേമം നിയോജകമണ്ഡലത്തിലെ പള്ളത്ത്കടവ്, കല്ലടിമുഖം, മധുപാലം എന്നീ പാലങ്ങൾ</u>

1243 ശ്രീ. വി. ശിവൻകുട്ടി

താഴെ കാണുന്ന ചോദ്യത്തിന്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

നേമം നിയോജകമണ്ഡലത്തിലെ പള്ളത്ത്കടവ്, കല്ലടി മുഖം, മധുപാലം എന്നീ പാലങ്ങൾക്കു വേണ്ടിയുള്ള ലാന്റ് അക്വിസിഷൻ നടപടികളുടെ പുരോഗതി സംബന്ധിച്ചുള്ള വിശദാംശങ്ങൾ ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 20.01.2014-ലെ മറുപടിക്ക്

<u>വിവിധ സ്ഥാപനങ്ങൾക്ക് വിട്ടുകൊടുത്ത റവന്യൂ ഭൂമി</u>

1244 ശ്രീ. കെ. ദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സർക്കാർ അധികാരത്തിൽവന്നതിനുശേഷം സംസ്ഥാനത്ത് എത്ര ഏക്കർ റവന്യൂ ഭൂമി വിവിധ ആവശ്യങ്ങൾക്കായി വിവിധ സ്ഥാപനങ്ങൾക്ക് വിട്ടുകൊടുത്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിൽ ട്രസ്റ്റുകൾ, കോ-ഓപ്പറേറ്റീവ് സൊസൈറ്റികൾ, സ്വകാര്യസ്ഥാപനങ്ങൾ, സാമുദായികസ്ഥാപനങ്ങൾ തുടങ്ങിയവയ്ക്ക് എത്രവീതം ഭൂമി നൽകിയെന്ന് ജില്ല തിരിച്ച് പ്രത്യേകം ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 20.01.2014–ലെ മറുപടിക്ക്

<u>പഞ്ചായത്ത് പ്രദേശങ്ങളിൽ വീട് വയ്ക്കുന്നതിനുള്ള ഇളവുകൾ</u>

1245 ശ്രീ. കെ.വി. വിജയദാസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പഞ്ചായത്ത് പ്രദേശങ്ങളിൽ വീട് വയ്ക്കുന്നതിന് ഈ സർക്കാർ വന്നശേഷം ഇളവുകൾ വരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ;

(ബി) കെ.എൽ.യു. ആക്ട്–ൽ ഇത്തരത്തിലുള്ള ഇളവുകളുടെ വിശദാംശം നൽകുമോ; ഇത് സംബന്ധിച്ചുള്ള ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കുമോ;

(സി) നിലവിൽ പഞ്ചായത്തിനും നഗരസഭകൾക്കും ഗ്രീൻ ബെൽറ്റ് ഏരിയകളിൽ വീട് വയ്ക്കുന്നതിന് കെ.എൽ. യു. ആക്ട്–ൽ എന്തെല്ലാം ഇളവുകളാണ് റവന്യൂവകുപ്പ് നൽകിയിട്ടുള്ളതെന്നുള്ള വിവരം വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 20.01.2014-ലെ മറുപടിക്ക്

<u>കിഴക്കെ ചാലക്കുടി വില്ലേജിലെ സർവ്വെ നമ്പർ 508/5-ൽ പ്പെട്ട സ്ഥലം</u>

1246 ശ്രീ. എം. വി. ശ്രേയാംസ് കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി നഗരസഭയിൽപ്പെട്ട കിഴക്കെ ചാലക്കുടി വില്ലേജിലെ സർവ്വെ നമ്പർ 508/5-ൽപ്പെട്ട സ്ഥലം ബേസിക് ടാക്സ് രജിസ്റ്റർ പ്രകാരം ഏത് തരത്തിൽപ്പെട്ട ഭൂമിയാണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ഭൂമി ഫ്ളാറ്റ് പണിയുന്നതിനായി കരഭൂമിയായി മാറ്റിയിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ;

(സി) ഇതിനായി വെറ്റ്ലാന്റ് കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ അംഗീകാരം ലഭിച്ചിട്ടുണ്ടോ; എങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കാമോ?

# കേരള നിയമസഭ
## 20.01.2014–ലെ മറുപടിക്ക്

റാന്നി സർക്കാർ ഐ.റ്റി.ഐ, അയിരൂർ ഐ.എച്ച്.ആർ.ഡി അപ്ലൈയ്ഡ് കോളേജ് എന്നിവയ്ക്കുള്ള സ്ഥലം

1247 ശ്രീ. രാജു എബ്രഹാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) റാന്നി സർക്കാർ ഐ.റ്റി.ഐ, അയിരൂർ ഐ.എച്ച്. ആർ.ഡി അപ്ലൈയ്ഡ് കോളേജ് എന്നിവയ്ക്കുവേണ്ടി പമ്പ ഇറിഗേഷൻ പ്രോജക്ടിനായി ഏറ്റെടുത്ത സ്ഥലത്തിൽ ഉപയോഗിക്കാതെ കിടക്കുന്ന സ്ഥലം വിട്ടുനൽകുന്നതിനായി സ്ഥലം അളന്നു തിരിച്ചു നൽകുന്നതു സംബന്ധിച്ച് ജില്ലാ കളക്ടർക്ക് എന്നാണ് നിർദ്ദേശം ലഭിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത നിർദ്ദേശ പ്രകാരം ജില്ലാ കളക്ടർ ഇതു സംബന്ധിച്ച് റിപ്പോർട്ട് സർക്കാരിലേക്ക് നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വിശദമാക്കുമോ;

(സി) പ്രസ്തുത വസ്തുക്കൾ അളന്നു തിരിച്ച് നൽകുന്നതിന് എന്നാണ് റാന്നി തഹസിൽദാർക്ക് നിർദ്ദേശം നൽകിയിട്ടുള്ളത്; റാന്നി തഹസിൽദാർ ഇതു സംബന്ധിച്ച് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചത്; പ്രസ്തുത വസ്തുക്കൾ അളന്നുതിരിക്കാൻ കഴിഞ്ഞിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വിശദമാക്കുമോ; പ്രസ്തുത വസ്തുക്കൾ അളന്നു തിരിച്ച് വിവരം സർക്കാരിലേക്ക് നൽകാൻ കാലതാമസം വരുത്തിയ ഉദ്യോഗസ്ഥർക്കെതിരെ എന്തു നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ;

(ഡി) എത്ര നാളുകൾക്കകം വസ്തു അളന്നുതിരിച്ച് റിപ്പോർട്ട് സർക്കാരിൽ ലഭ്യമാക്കുമെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
## 20.01.2014-ലെ മറുപടിക്ക്

<u>സ്മാരക മന്ദിരങ്ങൾ</u>

1248

ശ്രീ. വി. ശശി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മഹാന്മാരുടെയും നേതാക്കളുടെയും സ്മാരക മന്ദിരങ്ങൾ നിർമ്മിക്കുന്നതിനായി തിരുവനന്തപുരം ജില്ലയിൽ നൽകിയിട്ടുള്ള സ്ഥലത്തിന്റെ അളവ് സ്മാരക മന്ദിരങ്ങളുടെ പേര് തിരിച്ച് വെളിപ്പെടുത്തുമോ;

(ബി) ഇപ്രകാരം സ്ഥലം വിട്ടുനൽകുന്നതിനായി സർക്കാരിലേക്ക് സ്മാരക സമിതികൾ വില ഒടുക്കിയിട്ടുണ്ടെങ്കിൽ അതിന്റെ വിശദാംശം ലഭ്യമാക്കാമോ;

(സി) ഇത്തരം സ്മാരകസമിതികളുടെ പ്രവർത്തനങ്ങളിൽ സർക്കാർ നിയന്ത്രണങ്ങളുണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കാമോ?

# കേരള നിയമസഭ
## 20.01.2014-ലെ മറുപടിക്ക്

നേമം എം.എൽ.എ യുടെ പ്രാദേശിക വികസന ഫണ്ട് വിനിയോഗം

1249 ശ്രീ. വി. ശിവൻകുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നേമം നിയോജക മണ്ഡലത്തിൽ 2013-14 സാമ്പത്തിക വർഷത്തിൽ എം.എൽ.എ യുടെ പ്രാദേശിക വികസന ഫണ്ട് വിനിയോഗിച്ചു നടപ്പിലാക്കിയതും നടപ്പിലാക്കിക്കൊണ്ടിരിക്കുന്നതുമായ പ്രവൃത്തികൾ സംബന്ധിച്ചുള്ള വിവരങ്ങൾ ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തികൾക്കായി ആകെ വിനിയോഗിച്ച/വിനിയോഗിക്കുന്ന തുക എത്രയെന്നും ഇനി അവശേഷിക്കുന്ന തുക എത്രയെന്നും വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 20.01.2014–ലെ മറുപടിക്ക്

പുതിയ താലൂക്കുകൾ അനുവദിക്കുന്നതിനുള്ള മാനദണ്ഡം

1250 ശ്രീ. വി. ചെന്താമരാക്ഷൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പുതിയ താലൂക്കുകൾ അനുവദിക്കുന്നതിനുള്ള മാനദണ്ഡം വിശദമാക്കുമോ;

(ബി) ഒരു താലൂക്കിൽ മിനിമം എത്ര വില്ലേജുകൾ ഉൾപ്പെടുത്തണമെന്ന് തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(സി) നെന്മാറ നിയോജക മണ്ഡലം കേന്ദ്രീകരിച്ച് പുതിയ താലൂക്ക് അനുവദിക്കുന്നത് സംബന്ധിച്ച് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ;

(ഡി) നെന്മാറ നിയോജകമണ്ഡലം കേന്ദ്രീകരിച്ച് പുതിയ താലൂക്ക് അനുവദിക്കുന്ന കാര്യം പരിഗണിക്കുമോ; വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 20.01.2014-ലെ മറുപടിക്ക്

<u>പുതുതായി അനുവദിച്ച താലൂക്കുകളുടെ പ്രവര്‍ത്തനം</u>

1251 ശ്രീ. ബി. ഡി. ദേവസ്സി

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) പുതുതായി അനുവദിച്ച താലൂക്കുകളുടെ പ്രവര്‍ത്തനം ആരംഭിക്കുന്നതിനുള്ള അടിസ്ഥാന സൗകര്യങ്ങള്‍ ഒരുക്കുന്നതിനായി സര്‍ക്കാര്‍ ഫണ്ട് അനുവദിക്കുന്നതടക്കമുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) ചാലക്കുടിയില്‍ പുതുതായി അനുവദിച്ച താലൂക്ക് ഓഫീസിന്റെ പ്രവര്‍ത്തനം തുടങ്ങുന്നതിനായി അടിസ്ഥാന സൗകര്യങ്ങള്‍ ഒരുക്കുന്നതിനായി നടപടി സ്വീകരിച്ചിട്ടുണ്ടോ; ആവശ്യമായ മുഴുവന്‍ ജീവനക്കാരേയും നിയമിക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ;

(സി) ഒരു വര്‍ഷം മുന്‍പ് അനുവദിച്ച അതിരപ്പിള്ളി വില്ലേജിന്റെ പ്രവര്‍ത്തനം ഉടന്‍ ആരംഭിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ; ഇതിന് ആവശ്യമായ മുഴുവന്‍ സ്റ്റാഫിനേയും അനുവദിയ്ക്കുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 20.01.2014–ലെ മറുപടിക്ക്

<u>പുതിയ താലൂക്കാഫീസുകളുടെ പ്രവർത്തനം</u>

1252 ശ്രീ. സി. ദിവാകരൻ

താഴെ കാണുന്ന ചോദ്യത്തിന്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

കഴിഞ്ഞ ബഡ്ജറ്റിൽ പ്രഖ്യാപിച്ച എത്ര താലൂക്കാഫീസുകളാണ് പ്രവർത്തനം ആരംഭിച്ചിട്ടുള്ളത്; എവിടെയെല്ലാമാണ്; ബാക്കിയുള്ളവ എന്നത്തേയ്ക്ക് തുറന്ന് പ്രവർത്തിപ്പിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 20.01.2014-ലെ മറുപടിക്ക്

<u>റവന്യൂ വകുപ്പിലെ തസ്തികകൾ</u>

1253 ശ്രീ. പി. ഉബൈദുള്ള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുതുതായി രൂപീകരിച്ച താലൂക്കുകളിൽ ഓരോന്നിലും എത്ര തസ്തികകൾ വീതം ആവശ്യമാണെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിനായി പുതിയ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(സി) റവന്യൂ വകുപ്പിൽ നിലവിൽ എത്ര താൽക്കാലിക തസ്തികകൾ നിലവിലുണ്ട്;

(ഡി) പുതിയ താലൂക്കുകളിൽ അഡീഷണൽ തസ്തികകൾ സൃഷ്ടിക്കപ്പെടുന്നതുമൂലം നിലവിലുള്ള താൽക്കാലിക തസ്തികകൾ സ്ഥിരപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഇ) എങ്കിൽ എത്ര തസ്തികകളാണ് സ്ഥിരപ്പെടുത്താൻ ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ;

(എഫ്) പുതിയ തസ്തികകൾ സൃഷ്ടിച്ചതുമൂലം റവന്യൂ വകുപ്പിൽ നിലവിലുള്ള ഓരോ തസ്തികകളുടെ എണ്ണവും വിശദമാക്കുമോ?

# കേരള നിയമസഭ
## 20.01.2014-ലെ മറുപടിക്ക്

കാസർഗോഡ് ജില്ലയിൽ പുതുതായി പ്രഖ്യാപിച്ച 2 താലൂക്കുകളുടെ പ്രവർത്തനം

1254 ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)

താഴെ കാണുന്ന ചോദ്യത്തിന്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

കാസർഗോഡ് ജില്ലയിൽ പുതുതായി പ്രഖ്യാപിച്ച 2 താലൂക്കുകളുടെയും പ്രവർത്തനം നാളിതുവരെയും ആരംഭിക്കാൻ കഴിയാത്തതിന്റെ കാരണം വ്യക്തമാക്കാമോ; പ്രസ്തുത താലൂക്കുകൾ എന്നുമുതൽ ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 20.01.2014–ലെ മറുപടിക്ക്

<u>ചാത്തന്നൂർ താലൂക്ക് രൂപീകരണം</u>

1255 ശ്രീ. ജി. എസ്. ജയലാൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സർക്കാർ പ്രഖ്യാപിച്ച പുതിയ താലൂക്കുകളുടെ രൂപീകരണവുമായി ബന്ധപ്പെട്ട് പുന:പരിശോധന നടത്തണമെന്നും ചാത്തന്നൂർ കേന്ദ്രീകരിച്ച് പുതിയ താലൂക്ക് രൂപീകരിക്കണമെന്നും ആവശ്യപ്പെട്ട് അപേക്ഷ ലഭിച്ചിരുന്നുവോ;

(ബി) ചാത്തന്നൂർ കേന്ദ്രീകരിച്ച് താലൂക്ക് രൂപീകരിക്കുന്നതിലേയ്ക്കായി സ്വീകരിച്ച നടപടി എന്താണെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 20.01.2014-ലെ മറുപടിക്ക്

തിരുവനന്തപുരം കുഴിക്കാട്ട് നാഗരുകാവ് ക്ഷേത്രം ഇരിക്കുന്ന വസ്തുവിന്റെ കരം അടയ്ക്കുന്നത് സംബന്ധിച്ച്

1256 ശ്രീ. മോൻസ് ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിൽ ഉളികഴ്ത്തറ വില്ലേജിൽ കുഴിക്കാട്ട് നാഗരുകാവ് ക്ഷേത്രം ഇരിക്കുന്ന വസ്തുവിന്റെ കരം അടയ്ക്കുന്നത് കുടിശ്ശിക ആയത് സംബന്ധിച്ച് 11/10/2013 ൽ എൽ. ആർ. എം.1/5867 നമ്പർ ഫയൽ പ്രകാരം തിരുവനന്തപുരം താലൂക്ക് ഓഫീസർ നൽകിയ പരാതിയിൽ എന്ത് നടപടി സ്വീകരിച്ചു എന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത വസ്തുവിന്റെ കരം തീർത്തു കിട്ടുന്നതിന് ഭരണപരവും സാങ്കേതികവുമായ തടസ്സങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത അപേക്ഷ സ്വീകരിച്ച് മൂന്ന് മാസം കഴിഞ്ഞിട്ടും നടപടി സ്വീകരിക്കാത്തത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ; ഏത് ഉദ്യോഗസ്ഥനാണ് പ്രസ്തുത ഫയലിൽ കാലതാമസം വരുത്തുന്നതെന്ന് വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത ഫയൽ എത്രദിവസത്തിനകം പരിശോധന നടത്തി തീരുമാനം കൈക്കൊള്ളുമെന്നത് സംബന്ധിച്ച് വ്യക്തമാക്കാമോ;

(ഇ) പെറ്റീഷൻ തീർപ്പാക്കാതെ മാസങ്ങളോളം കാലതാമസം വരുത്തിയിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(എഫ്) പ്രസ്തുത വിഷയത്തിൽ തിരുവനന്തപുരം ആർ. ഡി.ഒ ഇടപെട്ട് എത്രയും വേഗം തീർപ്പാക്കണം എന്ന് നിർദ്ദേശിച്ചിട്ടും നടപടി സ്വീകരിക്കാത്ത ഉദ്യോഗസ്ഥർക്കെതിരെ എന്ത് നടപടി റവന്യൂ വകുപ്പ് സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ; ആർ.ഡി. ഒ. യ്ക്ക് നല്കിയ പെറ്റീഷനിൽ (പെറ്റീഷൻ നമ്പർ 6039/2013) താലൂക്ക് ഓഫീസ് സ്വീകരിച്ച നടപടി വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 20.01.2014-ലെ മറുപടിക്ക്

ഓൺലൈനായി റവന്യൂ സർട്ടിഫിക്കറ്റുകൾ ലഭ്യമാക്കുന്നത്

1257 ശ്രീ. ഐ. സി. ബാലകൃഷ്ണൻ
,, ഹൈബി ഈഡൻ
,, പി. എ. മാധവൻ
,, കെ. ശിവദാസൻ നായർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) റവന്യൂ സർട്ടിഫിക്കറ്റുകൾ ഓൺലൈനൽ വഴി ലഭ്യമാക്കുന്നതിനു തുടക്കം കുറിച്ചിട്ടുണ്ടോ; വിശദമാംശം ലഭ്യമാക്കാമോ;

(ബി) ഏതെല്ലാം സർട്ടിഫിക്കറ്റുകളാണ് ഓൺലൈൻ വഴി ലഭിക്കുന്നത്; വ്യക്തമാക്കുമോ;

(സി) ഏതെല്ലാം ഏജൻസികളാണ് ഇതുമായി സഹകരിക്കുന്നത്; വിശദമാക്കുമോ;

(ഡി) പ്രസ്തുത സർട്ടിഫിക്കറ്റുകൾക്ക് ആധികാരികത നൽകിയിട്ടുണ്ടോ; വിശദമാക്കുമോ;

(ഇ) പ്രസ്തുത സൗകര്യങ്ങളെക്കുറിച്ച് ജനങ്ങൾക്കിടയിൽ ബോധവത്ക്കരണ പരിപാടികൾ സംഘടിപ്പിക്കുമോ; വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 20.01.2014–ലെ മറുപടിക്ക്

<u>പോക്കുവരവിന് ഓൺലൈൻ സമ്പ്രദായം</u>

1258 ശ്രീ.തേറമ്പിൽ രാമകൃഷ്ണൻ
''ആർ. സെൽവരാജ്
''ഹൈബി ഈഡൻ
''എ.റ്റി. ജോർജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വില്ലേജുകളിൽ പോക്കുവരവിന് ഓൺലൈൻ സമ്പ്രദായം ഏർപ്പെടുത്താനുദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയാണ്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) എന്തെല്ലാം സൗകര്യങ്ങളാണ് പ്രസ്തുത സമ്പ്രദായം മുഖേന ലഭിക്കുന്നത്; വിശദമാക്കുമോ;

(ഡി) ഏതെല്ലാം ഏജൻസികളാണ് ഇതിനായി സഹകരിക്കുന്നത്; വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 20.01.2014–ലെ മറുപടിക്ക്

<u>ആർ. ഇ. എൽ.ഐ.എസ് പദ്ധതി</u>

1259 ശ്രീ. പി. എ. മാധവൻ
'' എ. പി. അബ്ദുള്ളക്കുട്ടി
'' ഷാഫി പറമ്പിൽ
'' വി. റ്റി. ബൽറാം.

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആർ. ഇ. എൽ. ഐ.എസ്.(റവന്യൂ ലാന്റ് ഇൻഫർമേഷൻ സിസ്റ്റം) പദ്ധതി രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) എങ്കിൽ ആയതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദമാക്കുമോ;

(സി) പോക്കുവരവ് നടത്തുന്നതിന് റവന്യൂ – രജിസ്ട്രേഷൻ വകുപ്പുകളെ ഓൺലൈനായി ബന്ധിപ്പിച്ച് എന്തെല്ലാം സൗകര്യങ്ങളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്; വിശദമാക്കുമോ;

(ഡി) പദ്ധതി നടത്തിപ്പിനായി നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

# കേരള നിയമസഭ
## 20.01.2014-ലെ മറുപടിക്ക്

<u>വില്ലേജ് ഓഫീസുകളിൽ സർട്ടിഫിക്കറ്റുകൾ നൽകുന്ന സമയം</u>

1260 ഡോ. കെ. ടി. ജലീൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വില്ലേജ് ഓഫീസുകളിൽ നിന്നും സർട്ടിഫിക്കറ്റുകൾ നൽകുന്നതിനും, ഭൂനികുതി അടക്കുന്നതിനുമുള്ള സമയം പ്രവൃത്തി ദിവസങ്ങളിൽ രാവിലെ 10 മണി മുതൽ വൈകുന്നേരം 3 മണി വരെയാക്കി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ അതിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(സി) ഉത്തരവുകളൊന്നും പുറപ്പെടുവിച്ചിട്ടില്ലെങ്കിൽ സർക്കാരിന് ലഭിക്കേണ്ട നികുതി പണം 3 മണിക്ക് ശേഷം സ്വീകരിക്കാത്ത ഉദ്യോഗസ്ഥർക്കെതിരെ പരാതി ലഭിച്ചാൽ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 20.01.2014-ലെ മറുപടിക്ക്

ജോയിന്റ് വെരിഫിക്കേഷൻ കഴിഞ്ഞ കേസുകൾ

1261 ശ്രീ. എം. പി. വിൻസെന്റ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ജോയിന്റ് വെരിഫിക്കേഷൻ കഴിഞ്ഞ എത്ര കേസുകളിൽ പട്ടയം നൽകാനുണ്ട്;

(ബി) ഇവയുടെ ജില്ലതിരിച്ച കണക്ക് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 20.01.2014-ലെ മറുപടിക്ക്

<u>കാസർഗോഡ് കുമ്പള സ്വദേശിനി ശ്രീമതി ശാരദയുടെ സ്ഥലത്തിന് പട്ടയം</u>

1262 ശ്രീ. എളമരം കരീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ 23.12.2013-ലെ ലേഖനത്തിൽ പരാമർശിച്ചിരുന്ന, കാസർഗോഡ് കുമ്പള സ്വദേശിനി ശ്രീമതി ശാരദ തന്റെ അഞ്ച് സെന്റ് സ്ഥലത്തിന് പട്ടയം ലഭിക്കുന്നതിനായി തഹസിൽദാർക്ക് അപേക്ഷ നൽകിയിരുന്നോ; എങ്കിൽ അപേക്ഷ ലഭിച്ചതെന്നാണ്; ടിയാളുടെ അപേക്ഷയിൻമേൽ സ്വീകരിച്ച നടപടി വിശദമാക്കുമോ;

(ബി) പട്ടയം ലഭിക്കുന്നതിനായി ഒരു അപേക്ഷ ലഭിച്ചാൽ അത് നൽകുന്നതുവരെയുള്ള നടപടിക്രമം വ്യക്തമാക്കുമോ;

(സി) കാസർഗോഡ് സ്വദേശിനി ശ്രീമതി ശാരദയ്ക്ക് പട്ടയം ലഭിക്കാൻ അർഹയാണെന്ന് തഹസിൽദാർ വ്യക്തമാക്കിയിരുന്നോ; എങ്കിൽ എപ്പോൾ;

(ഡി) എന്നിട്ടും പട്ടയം ലഭിക്കുന്നതിനായി 32 വർഷങ്ങൾക്കുശേഷം ജനസമ്പർക്ക പരിപാടിയിൽ ടി അപേക്ഷക വരുവാനുണ്ടായ സാഹചര്യം വിശദമാക്കുമോ;

(ഇ) ജനസമ്പർക്ക പരിപാടിയിലേയ്ക്ക് ശ്രീമതി ശാരദ അപേക്ഷ നൽകിയതെന്നാണ്; ഇപ്പോൾ പ്രസ്തുത അപേക്ഷ തീർപ്പുകൽപിച്ചതിന് സ്വീകരിച്ച മാനദണ്ഡം വിശദമാക്കുമോ;

(എഫ്) അർഹതയുള്ള പ്രസ്തുത അപേക്ഷകയ്ക്ക് പട്ടയം നൽകുന്നതിൽ ആരുടെ ഭാഗത്തുനിന്നാണ് വീഴ്ച ഉണ്ടായിരുന്നത്; വീഴ്ച വരുത്തിയവർക്കെതിരെ സ്വീകരിച്ച നടപടി വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 20.01.2014-ലെ മറുപടിക്ക്

നഗരൂർ ഗ്രാമപഞ്ചായത്തിലെ അംഗൻവാടിക്ക് അനുവദിച്ച ഭൂമി

1263 ശ്രീ. ബി. സത്യൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നഗരൂർ പഞ്ചായത്തിന് നഗരൂർ വില്ലേജിൽ ബ്ലോക്ക് നമ്പർ 37 ൽ റീസർവ്വേ 134/4 -ൽ പെട്ട വസ്തു പതിച്ച് നൽകിയതിൽ തെറ്റായി 134/5 എന്ന് രേഖപ്പെടുത്തിയത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) ശരിയായ സബ്ഡിവിഷൻ നമ്പർ രേഖപ്പെടുത്തിയ ഉത്തരവ് ലഭിക്കുന്നതിന് എം. എൽ. എ നൽകിയ അപേക്ഷയിന്മേൽ എന്തെല്ലാം നടപടി സ്വീകരിച്ചുവെന്ന് വിശദമാക്കാമോ;

(സി) നഗരൂർ ഗ്രാമപഞ്ചായത്തിന് അനുവദിച്ച മാതൃകാ അംഗൻവാടി പ്രസ്തുത സ്ഥലത്ത് നിർമ്മിക്കേണ്ടതിനാൽ നടപടി ക്രമങ്ങൾ പെട്ടെന്ന് പൂർത്തിയാക്കുവാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 20.01.2014-ലെ മറുപടിക്ക്

**പാലക്കാട് ജില്ലയിൽ ദേവസ്വം ഭൂമിക്ക് പട്ടയം നൽകുന്നതിനുള്ള ഓഫീസ്**

1264 ശ്രീ. എം. ചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിൽ ദേവസ്വം ഭൂമിക്ക് പട്ടയം നൽകുന്നതിന് പ്രത്യേക ഓഫീസുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ട് പ്രവർത്തിക്കുന്നില്ല;

(ബി) 2010, 2011, 2012, 2013 വർഷങ്ങളിൽ ആകെ ലഭിച്ച അപേക്ഷകളും അനുവദിച്ച പട്ടയവും സംബന്ധിച്ച് വർഷം തിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ;

(സി) പ്രസ്തുത ഭൂമിക്ക് പട്ടയം അനുവദിക്കുന്നതിന് പാലക്കാട് ആസ്ഥാനമാക്കി പ്രത്യേക ഓഫീസ് ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 20.01.2014-ലെ മറുപടിക്ക്

<u>അങ്കമാലി നിയോജകമണ്ഡലത്തിൽ അർഹതപ്പെട്ടവർക്ക് പട്ടയം നൽകുന്നതിന് നടപടി</u>

1265 ശ്രീ. ജോസ് തെറ്റയിൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അങ്കമാലി നിയോജകമണ്ഡലത്തിൽ അയ്യമ്പുഴ ഗ്രാമപഞ്ചായത്തിലെ ചാത്തക്കുളം കരേക്കാട്ട്, കടുകുളങ്ങര, കണ്ണിമംഗലം തുടങ്ങിയ പ്രദേശങ്ങളിൽ റവന്യൂ-വനം വകുപ്പുകൾ നടത്തിയ സംയുക്ത പരിശോധനയുടെ അടിസ്ഥാനത്തിൽ അർഹതപ്പെട്ടവരുടെ ലിസ്റ്റ് തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ ഇതിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(ബി) പ്രസ്തുത ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളവർക്ക് പട്ടയം നൽകുന്നതിനായി പൂർത്തിയാക്കാനുള്ള നടപടിക്രമങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ;

(സി) ഇത് സംബന്ധിച്ച ഫയൽ ആരുടെ പരിഗണനയിലാണെന്ന് വ്യക്തമാക്കാമോ;

(ഡി) എത്ര ഏക്കർ ഭൂമിയാണ് അർഹതപ്പെട്ടവർക്ക് പട്ടയം നൽകുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ഇ) പ്രസ്തുത പ്രദേശത്തെ ഹിൽ ടാക്സ് ഏരിയയിൽപ്പെടുത്തുവാൻ സ്വീകരിച്ചിട്ടുള്ള നടപടി എന്താണെന്ന് വിശദമാക്കാമോ?

# കേരള നിയമസഭ
## 20.01.2014-ലെ മറുപടിക്ക്

<u>തൃശ്ശൂർ ജില്ലയിലെ കരിക്കാട് വില്ലേജിലുള്ള
കുടികിടപ്പുകാർക്ക് പട്ടയം</u>

1266 ശ്രീ. ബാബു എം. പാലിശ്ശേരി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തൃശൂർ ജില്ലയിലെ തലപ്പിള്ളി താലൂക്ക് -കരിക്കാട് വില്ലേജ് കോലാടികുന്ന് പ്രദേശത്തെ, കരിക്കാട് വില്ലേജ് സർവ്വേ നമ്പർ 110, 111 ൽപ്പെട്ട കുടികിടപ്പുകാർക്ക് പട്ടയം നൽകുന്നതിന് എന്നാണ് തീരുമാനമെടുത്തിട്ടുള്ളത്; വ്യക്തമാക്കാമോ;

(ബി) ഇതു പ്രകാരം ഭൂമി അളന്ന് തിരിച്ച് പട്ടയം നൽകി കൈവശം കൊടുത്തിട്ടുണ്ടോ; എങ്കിൽ എത്ര പേർക്ക്;

(സി) ഇല്ലെങ്കിൽ അതിനുള്ള തടസ്സങ്ങൾ എന്തൊക്കെയാണ്;

(ഡി) നടപടി ക്രമങ്ങൾ പൂർത്തിയാക്കി എന്ന് പട്ടയം നൽകാൻ കഴിയും, വിശദാംശം വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 20.01.2014–ലെ മറുപടിക്ക്

<u>യൂണിക് തണ്ടപ്പേർ നമ്പർ കാർഡ്</u>

1267 ശ്രീ. കെ. രാജു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് യൂണിക് തണ്ടപ്പേർ നമ്പർ കാർഡ് നൽകുന്നതിന് ആലോചന ഉണ്ടോ; എങ്കിൽ പ്രാരംഭ നടപടി ആരംഭിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത കാർഡ് നൽകുന്നതുകൊണ്ടുള്ള നേട്ടങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

# കേരള നിയമസഭ
## 20.01.2014–ലെ മറുപടിക്ക്

<u>കസബ വില്ലേജിൽ പട്ടയത്തിന് അപേക്ഷ നൽകിയവർ</u>

1268 ശ്രീ. എ. പ്രദീപ്കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് കസബ വില്ലേജിൽ നാലുകുടി പറമ്പിൽ താമസിക്കുന്ന എത്രപേർ പട്ടയത്തിന് അപേക്ഷ നൽകിയെന്നും, എത്രപേർക്ക് പട്ടയം നൽകിയെന്നും പേരും മേൽവിലാസവും സഹിതം വ്യക്തമാക്കുമോ;

(ബി) അപേക്ഷകരിൽ പട്ടയം ലഭിക്കാത്തവർ ആരെല്ലാമാണെന്നും, അവർക്ക് പട്ടയം നൽകാത്തതിനുള്ള കാരണം എന്താണെന്നും വിശദമാക്കാമോ?

# കേരള നിയമസഭ
## 20.01.2014-ലെ മറുപടിക്ക്

ശ്രീമതി പി. കെ. സരോജിനിയുടെ ഭൂമിക്ക് പട്ടയം നൽകുന്ന നടപടികൾ

1269 ശ്രീ. ഇ. പി. ജയരാജൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയിൽ സുൽത്താൻ ബത്തേരി താലൂക്കിൽ അമ്പലവയൽ വില്ലേജിൽ അമ്പലവയൽ പഞ്ചായത്തിൽ താമസിക്കുന്ന ശ്രീമതി പി. കെ. സരോജിനി ഭൂമിക്ക് പട്ടയം പതിച്ചു നൽകുന്നതിനുളള അപേക്ഷ സമർപ്പിച്ചിട്ടുണ്ടോ;

(ബി) എന്നാണ് പ്രസ്തുത അപേക്ഷ സമർപ്പിച്ചത്;

(സി) അവർക്ക് പട്ടയം നൽകുന്നതിനുള്ള നടപടി ഇപ്പോൾ ഏതു ഘട്ടത്തിലാണ്; വിശദമാക്കാമോ;

(ഡി) ശ്രീമതി പി. കെ. സരോജിനിക്ക് അവരുടെ അവകാശഭൂമിക്ക് എപ്പോൾ കൈവശാവകാശരേഖയും പട്ടയവും ലഭ്യമാക്കുമെന്നു വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 20.01.2014-ലെ മറുപടിക്ക്

<u>സർക്കാർ പാട്ടത്തിന് നൽകിയ ഭൂമിയുടെ കണക്ക്</u>

1270 ശ്രീ. കെ. കെ. ജയചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സർക്കാർ ഭൂമി പാട്ടത്തിൽ നല്കിയ ഇനത്തിൽ പാട്ട കുടിശ്ശികയായിട്ടുള്ള മൊത്തം തുക എത്രയാണെന്ന് വെളിപ്പെടുത്താമോ ; ഏറ്റവും കൂടുതൽ കുടിശ്ശിക വരുത്തിയിട്ടുള്ള പത്ത് സ്ഥാപനങ്ങളുടെ പേര് വിവരം വെളിപ്പെടുത്താമോ ;

(ബി) നിലവിലുള്ള പാട്ടനിരക്ക് എപ്പോൾ മുതൽ നിലവിൽ വന്നതാണ്; കാലികമായി നിരക്ക് പുതുക്കിയിട്ടുണ്ടോ ;

(സി) സംസ്ഥാനത്ത് നിലവിൽ പാട്ടത്തിന് നല്കിയ ഭൂമിയുടെ അളവ് ജില്ലതിരിച്ച് വിശദമാക്കാമോ ?

# കേരള നിയമസഭ
## 20.01.2014-ലെ മറുപടിക്ക്

<u>കൊയിലാണ്ടി താലൂക്ക് - അത്തോളി വില്ലേജ് പെരളിമല കർഷകർക്ക് ഭൂഉടമസ്ഥാവകാശം</u>

1271 ശ്രീ.പുരുഷൻ കടലുണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ബാലുശ്ശേരി അസംബ്ലി മണ്ഡലത്തിലെ അത്തോളി വില്ലേജിൽ പെരളിമലയിലെ കർഷകർക്ക് ഭൂഉടമസ്ഥാവകാശം നിഷേധിച്ചതു സംബന്ധിച്ച് സമർപ്പിച്ച പരാതിയിൽ(റവന്യു സെക്രട്ടേറിയറ്റ് ഫയൽ നമ്പർ.56220/എൽ3/2013/റവന്യു) തുടർ നടപടികളെന്തെങ്കിലും സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) ദീർഘകാലമായി നികുതി അടച്ചുവരുന്ന കർഷകർക്ക് തുടർന്നും നികുതി അടക്കുന്നതിന് അനുമതി നൽകാമോ?

# കേരള നിയമസഭ
## 20.01.2014-ലെ മറുപടിക്ക്

<u>കൊല്ലം റൂറൽ പോലീസ് ജില്ലാ ആസ്ഥാനകെട്ടിടം</u>

1272 ശ്രീമതി പി. അയിഷാ പോറ്റി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൊല്ലം റൂറൽ പോലീസ് ജില്ലാ ആസ്ഥാനത്തിനായി കെട്ടിടം നിർമ്മിക്കുന്നതിന് കല്ലട ഇറിഗേഷൻ പദ്ധതി വക ഭൂമി വിട്ട് കിട്ടുന്നതിനായി റവന്യൂ വകുപ്പിന്റെ നടപടി ഏത് ഘട്ടത്തിലാണ് ; വിശദമാക്കാമോ ;

(ബി) പ്രസ്തുത പ്രൊപ്പോസൽ കൊല്ലം കളക്ട്രേറ്റിൽനിന്നും റവന്യൂവകുപ്പിൽ ലഭിച്ചത് എന്നാണ് ; പ്രൊപ്പോസൽ ഉൾപ്പെടുന്ന ഫയൽനമ്പരും ആയതിന്റെ വിശദാംശങ്ങളും ലഭ്യമാക്കുമോ ?

## കേരള നിയമസഭ
## 20.01.2014-ലെ മറുപടിക്ക്

<u>ഭൂമി തട്ടിപ്പ് കേസ്</u>

1273 ശ്രീ. എ. കെ. ബാലൻ
,, കോലിയക്കോട് എൻ. കൃഷ്ണൻ നായർ
,, വി. ശിവൻകുട്ടി
,, എം. ചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ മുൻഗൺമാൻ സലിംരാജ് ഉൾപ്പെട്ട ഭൂമിതട്ടിപ്പ് സംബന്ധിച്ച പരാതിയിൽ വകുപ്പ് തലത്തിൽ അന്വേഷണം നടത്തിയിരുന്നോ;

(ബി) അന്വേഷണ ചുമതല വഹിച്ചിരുന്ന ഉദ്യോഗസ്ഥൻ ആരായിരുന്നു; അന്വേഷണ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ; റിപ്പോർട്ടിന്റെ പകർപ്പ് സഭയുടെ മേശപ്പുറത്ത് വയ്ക്കാമോ;

(സി) അന്വേഷണറിപ്പോർട്ടിൽ കുറ്റക്കാരായി കണ്ടെത്തിയ ഉദ്യോഗസ്ഥർ ആരെല്ലാമായിരുന്നു; ഇവരുടെ പേരിൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ഡി) ഭൂമിതട്ടിപ്പ് കേസ്സിൽ ബാഹ്യ ഇടപെടൽ ഉള്ളതായി അന്വേഷണ റിപ്പോർട്ടിൽ പരാമർശമുണ്ടോ; ഇക്കാര്യം പരിശോധിക്കുകയുണ്ടായോ; വിശദമാക്കാമോ;

(ഇ) ഭൂമിതട്ടിപ്പ് കേസ് പരിഗണിക്കവേ, ഹൈക്കോടതി സർക്കാരിനെതിരെ എന്തെങ്കിലും പരാമർശം നടത്തിയതായി അറിവുണ്ടോ; ആയതിന്റെ അടിസ്ഥാനത്തിൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(എഫ്) പ്രസ്തുത കേസുമായി ബന്ധപ്പെട്ട് സർക്കാർ കോടതിയിൽ നൽകിയിട്ടുള്ള സത്യവാങ്മൂലത്തിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(ജി) പ്രസ്തുത കേസിൽ തണ്ടപ്പേര് റദ്ദ് ചെയ്തതുമായി ബന്ധപ്പെട്ട് ഒരു മുൻ ലാന്റ് റവന്യൂ കമ്മീഷണർക്കെതിരെ ഹൈക്കോടതി രൂക്ഷ വിമർശനം നടത്തിയ കാര്യം അറിവുള്ളതാണോ; പ്രസ്തുത ഉദ്യോഗസ്ഥനെതിരെ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

# കേരള നിയമസഭ
## 20.01.2014-ലെ മറുപടിക്ക്

<u>അനധികൃത ഭൂമി കയ്യേറ്റം</u>

1274

ശ്രീ. എ. പ്രദീപ്കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയിലെ കൃഷ്ണഗിരി എസ്റ്റേറ്റിലുള്ള പതിനാല് ഏക്കറോളം ഗവൺമെന്റ് ഭൂമി ശ്രീ. എം.വി. ശ്രേയാംസ് കുമാർ അനധികൃതമായി കൈവശം വച്ച് വരികയും 1.35 ഏക്കർ സർക്കാർ ഭൂമി കയ്യേറി, മറിച്ച് വില്പന നടത്തുകയും ചെയ്തതായുള്ള ആക്ഷേപം ഉന്നയിച്ചുകൊണ്ട് എം.പി.വീരേന്ദ്രകുമാറിനും കുടുംബാംഗങ്ങൾക്കുമെതിരെ സി.ബി.ഐ. അന്വേഷണം ആവശ്യപ്പെട്ട് കേരള ഹൈക്കോടതിയിൽ ഹർജി സമർപ്പിക്കപ്പെട്ടത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത കേസിൽ സർക്കാർ സത്യവാങ്മൂലം സമർപ്പിച്ചിട്ടുണ്ടോ; പ്രസ്തുത ഭൂമി സംബന്ധിച്ച് സുൽത്താൻബത്തേരി സബ്കോടതിയിൽ റവന്യൂ അധികൃതർ സ്വീകരിച്ച നിലപാട് എന്തായിരുന്നു; കേസ് വിധിയായിട്ടുണ്ടോ; സർക്കാർ ഭൂമി സംരക്ഷിക്കുന്നതിന് ഇതിനകം സ്വീകരിച്ച നടപടികൾ സംബന്ധിച്ച് വിശദമാക്കാമോ; 1964 ലെ കേരള ലാന്റ് അസസ്മെന്റ് റൂൾസ് അനുസരിച്ച് നടപടി സ്വീകരിക്കുന്നതിന് വീഴ്ച വരുത്തിയിരിക്കുന്നത് ഏത് ഉദ്യോഗസ്ഥനാണ്; ഭൂമി ഏറ്റെടുത്ത് ഭൂരഹിതർക്ക് വിതരണം ചെയ്യാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 20.01.2014-ലെ മറുപടിക്ക്

<u>തൈക്കാട്, ശാസ്തമംഗലം വില്ലേജ് അതിർത്തിയിൽ സർക്കാർ അധീനതയിലുള്ള സ്ഥലങ്ങൾ</u>

1275 ശ്രീ. ബി. സത്യൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിൽ തൈക്കാട്, ശാസ്തമംഗലം വില്ലേജ് അതിർത്തിയിൽ സർക്കാർ അധീനതയിലുള്ളതും, കേസുകളെ തുടർന്ന് കണ്ട് കെട്ടിയതുമായ ഭൂമികൾ സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) ഏതെല്ലാം സർവ്വെ നമ്പരുകളിലായി എത്ര ഭൂമി വീതം സർക്കാർ അധീനതയിലാക്കപ്പെട്ടിട്ടുണ്ട്;

(സി) ഏതെല്ലാം വകുപ്പുകളുടെ അധീനതയിൽ എത്ര ഭൂമി വീതം ഉപയോഗ ശൂന്യമായി കിടപ്പുണ്ടെന്ന് വിശദമാക്കാമോ?

# കേരള നിയമസഭ
## 20.01.2014-ലെ മറുപടിക്ക്

<u>ഹാരിസൺ മലയാളം പ്ലാന്റേഷൻസിന്റെ കൈവശമുള്ള സർക്കാർ ഭൂമി</u>

1276 ശ്രീ. എൻ. ഷംസുദ്ദീൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഹാരിസൺ മലയാളം പ്ലാന്റേഷൻസിന്റെ കൈവശമുള്ള സർക്കാർ ഭൂമി സംബന്ധിച്ച് ഏറ്റവും ഒടുവിലുണ്ടായ ഹൈക്കോടതി വിധിയിലെ പ്രസക്തമായ തീർപ്പുകൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(ബി) വിവാദഭൂമി ഏറ്റെടുക്കാൻ അനുമതി നല്കുന്ന വിധി ഹൈക്കോടതിയിൽ നിന്നും ഉണ്ടായിട്ടുണ്ടോ; എങ്കിൽ വിശദവിവരം ലഭ്യമാക്കാമോ;

(സി) ഇക്കാര്യത്തിൽ തുടർനടപടി സംബന്ധിച്ച സർക്കാർ നിലപാട് വ്യക്തമാക്കുമോ;

(ഡി) സർക്കാർ പാട്ടത്തിനു നല്കിയിട്ടുള്ള ഭൂമികളെ സംബന്ധിച്ച വിവരങ്ങളെല്ലാം ഡിജിറ്റലൈസ് ചെയ്യുന്നതിനും പാട്ടകാലാവധി കഴിഞ്ഞതെല്ലാം നിയമാനുസൃത നടപടി സ്വീകരിച്ച് തിരിച്ചെടുക്കുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

## കേരള നിയമസഭ
## 20.01.2014-ലെ മറുപടിക്ക്

<u>ഹാരിസൺ മലയാളം ലിമിറ്റഡ് ഭൂമി പ്രശ്നം</u>

1277 ശ്രീ. കെ. സുരേഷ് കുറുപ്പ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഹാരിസൺ മലയാളം ലിമിറ്റഡ് ഭൂമി പ്രശ്നം സംബന്ധിച്ച ഹൈക്കോടതി വിധിയെതുടർന്ന് മാധ്യമങ്ങൾക്ക് പരസ്യം നൽകിക്കൊണ്ട്, ഉന്നയിച്ച അവകാശവാദം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) 11.09.2013-ലെ ദിനപത്രങ്ങളിൽ അച്ചടിച്ചുവന്ന ഹാരിസൺ മലയാളം കമ്പനിയുടെ പരസ്യത്തിൽ പറയുന്ന കാര്യങ്ങൾ വസ്തുതാപരമാണോ; അല്ലെങ്കിൽ അതിനെ തുടർന്ന് സർക്കാർ സ്വീകരിച്ച നടപടി വിശദമാക്കാമോ;

(സി) സർക്കാർ ഭൂമി ഏറ്റെടുക്കുന്നതിനുള്ള തുടർനടപടി ഇപ്പോൾ ഏത് ഘട്ടത്തിലാണ്; സർക്കാരിന്റെ ഹർജി തള്ളാനിടയായ സാഹചര്യം എന്തായിരുന്നു; സർക്കാർ വാദം ഹൈക്കോടതിയിൽ കർശനമായി ഉന്നയിക്കുന്നതിൽ വീഴ്ച ഉണ്ടായിട്ടുണ്ടോ; കേസ് തോറ്റതിന്റെ പിന്നിൽ ഇടപെടലുകളുണ്ടായി എന്ന ആരോപണം പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 20.01.2014-ലെ മറുപടിക്ക്

<u>മലബാർ മാർക്കറ്റിംഗ് സൊസൈറ്റിയുടെ ഭൂമി</u>

1278 ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പേരാമ്പ്രയിലെ മലബാർ മാർക്കറ്റിംഗ് സൊസൈറ്റിയുടെ ഭൂമി മുൻ ഉടമയ്ക്കു വിട്ടുകൊടുക്കാനുള്ള ഉത്തരവ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത ഭൂമി എപ്പോഴാണ് മുൻ ഉടമയ്ക്കു വിട്ടുകൊടുത്ത് ഉത്തരവ് പുറപ്പെടുവിച്ചത്; ആയതിന്റെ കാരണം വ്യക്തമാക്കുമോ;

(സി) ഇതിനെതിരെ ആരെങ്കിലും കോടതിയെ സമീപിച്ചിട്ടുണ്ടോ; എങ്കിൽ, കേസ്സിന്റെ നിലവിലെ അവസ്ഥയെന്തെന്നു വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത ഭൂമി പൊതു ഉടമയിലാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ, അതിനായി എന്തു നടപടി സ്വീകരിക്കുമെന്നു വ്യക്തമാക്കുമോ;

(ഇ) കേസ് സംബന്ധിച്ച് നിയമോപദേശം തേടിയിട്ടുണ്ടോ; എങ്കിൽ, ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(എഫ്) പ്രസ്തുതഭൂമി ഗ്രാമപഞ്ചായത്തിനു വിട്ടുകിട്ടുന്നതിനുവേണ്ടി അപേക്ഷ ലഭിച്ചിരുന്നോ; എങ്കിൽ, അപേക്ഷയിൽ എന്തു നടപടി സ്വീകരിച്ചുവെന്നു വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 20.01.2014-ലെ മറുപടിക്ക്

<u>കണ്ണൻ ദേവൻ ഹിൽ പ്ലാന്റേഷന്റെ ബംഗ്ലാവുകൾ സ്വകാര്യ ഹോട്ടൽ ഗ്രൂപ്പിന് കൈമാറിയ നടപടി</u>

1279 ശ്രീ. എസ്. രാജേന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മൂന്നാറിലെ കണ്ണൻ ദേവൻ ഹിൽ പ്ലാന്റേഷൻ ഇരുപത്തി ഒന്ന് ബംഗ്ലാവുകൾ സ്വകാര്യ ഹോട്ടൽ ഗ്രൂപ്പിന് പന്ത്രണ്ട് വർഷത്തേക്ക് കൈമാറിക്കൊണ്ട് കരാർ ഉറപ്പിച്ചിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; പ്രസ്തുത കരാർ പ്രകാരം 12 വർഷം കൊണ്ട് കെ.ഡി.എച്ച്.പി.ക്ക് വിവിധ ഇനത്തിൽ ലഭിക്കുന്ന തുക എത്രയാണെന്ന് വ്യക്തമാക്കാമോ ;

(ബി) തോട്ടത്തിന്റെ 5 ശതമാനം ഭൂമി ടൂറിസത്തിനുപയോഗിക്കാമെന്നുള്ള സർക്കാർ തീരുമാനത്തെ തുടർന്നാണ് ഈ കരാറുകളിൽ ഏർപ്പെട്ടിട്ടുള്ളതെന്ന് അറിയാമോ ;

(സി) കെ.ഡി.എച്ച്.പി. യഥാർത്ഥത്തിൽ അംഗീകൃത തോട്ടം ഉടമയാണോ ; ഭൂമി സർക്കാരിൽ നിക്ഷിപ്തമാണെങ്കിൽ ഇരുപത്തി ഒന്ന് ബംഗ്ലാവുകൾ സ്വകാര്യ ഗ്രൂപ്പിന് കൈമാറ്റം ചെയ്യപ്പെട്ടത് എങ്ങനെയാണെന്നു വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 20.01.2014–ലെ മറുപടിക്ക്

<u>ഭൂമി തട്ടിപ്പ് കേസ്</u>

1280 ശ്രീമതി കെ. കെ. ലതിക

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ ഗൺമാനായിരുന്ന സലിംരാജ് ഉൾപ്പെടെ ഭൂമി തട്ടിപ്പ് കേസിൽ വ്യാജ രേഖകളും വ്യാജ തണ്ടപ്പേരുകളും ഉണ്ടാക്കിയതായി ആക്ഷേപിക്കപ്പെട്ട ഉദ്യോഗസ്ഥർക്കെതിരെ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്താമോ;

(ബി) ഹൈക്കോടതിയിൽ നിന്നും പ്രസ്തുത ആവശ്യം ഉന്നയിക്കപ്പെടുകയുണ്ടായോ; കോടതി നിർദ്ദേശ പ്രകാരം റവന്യൂ സെക്രട്ടറി സമർപ്പിച്ച അന്വേഷണ റിപ്പോർട്ടിന്റെ പകർപ്പ് സഭയുടെ മേശപ്പുറത്ത് ലഭ്യമാക്കാമോ;

(സി) തട്ടിപ്പുകൾ സംബന്ധിച്ച് ബാഹ്യ ഏജൻസിയെക്കൊണ്ട് അന്വേഷിപ്പിക്കുവാൻ സർക്കാർ സ്വമേധയാ എന്തെങ്കിലും നടപടി സ്വീകരിക്കുകയുണ്ടായോ?

# കേരള നിയമസഭ
## 20.01.2014-ലെ മറുപടിക്ക്

മിച്ചഭൂമി സ്വകാര്യ സ്ഥാപനങ്ങൾക്ക് നല്കുന്ന നടപടി

1281 ശ്രീ. എസ്. രാജേന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മിച്ചഭൂമി സ്വകാര്യ ആവശ്യങ്ങൾക്ക് വിട്ടുകൊടുക്കാൻ നിയമം വ്യവസ്ഥ ചെയ്യുന്നുണ്ടോ ; എങ്കിൽ അത് സംബന്ധിച്ച നിയമവ്യവസ്ഥകൾ വിശദമാക്കാമോ ;

(ബി) ഇല്ലെങ്കിൽ നിയമവ്യവസ്ഥ മറികടന്നുകൊണ്ട് ഈ സർക്കാറിന്റെ കാലത്ത് ഏതെങ്കിലും സ്വകാര്യ കമ്പനിക്ക് മിച്ചഭൂമി നല്കാൻ തീരുമാനം എടുത്തിട്ടുണ്ടോ ;

(സി) മിച്ചഭൂമി സ്വകാര്യ സ്ഥാപനങ്ങൾക്ക് നല്കുന്നതിനായി സർക്കാർ പുറപ്പെടുവിച്ച ഉത്തരവുകൾ ഏതൊക്കെയാണ് ; ഏതെല്ലാം ഉത്തരവുകൾ വഴി ഏതെല്ലാം സർവ്വേ നമ്പറുകളിൽപ്പെട്ട എത്ര ഏക്കർ ഭൂമി വീതം ഏതെല്ലാം സ്വകാര്യ കമ്പനികൾക്ക് എന്തെല്ലാം ആവശ്യങ്ങൾക്ക് നൽകുവാൻ തീരുമാനിക്കുകയുണ്ടായി ; വിശദമാക്കാമോ ?

# കേരള നിയമസഭ
## 20.01.2014-ലെ മറുപടിക്ക്

<u>തിരുവനന്തപുരം ജില്ലയിൽ സർക്കാർവക സ്ഥലത്ത് പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ</u>

1282 ശ്രീ. വി. ശശി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സർക്കാർവക സ്ഥലം തിരുവനന്തപുരം ജില്ലയിൽ ഏതെല്ലാം വിദ്യാഭ്യാസ സ്ഥാപനങ്ങൾ/സാംസ്കാരിക സ്ഥാപനങ്ങൾ/മതസ്ഥാപനങ്ങൾ എന്നിവയ്ക്കായി നൽകിയിട്ടുണ്ടെന്നും ഓരോ സ്ഥാപനങ്ങൾക്കും എത്ര സ്ഥലം വീതം നൽകിയിട്ടുണ്ടെന്നും വ്യക്തമാക്കാമോ;

(ബി) പ്രസ്തുത സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങളിൽ സർക്കാർ നിയന്ത്രണം ഉണ്ടെങ്കിൽ ആയതു സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ?

# കേരള നിയമസഭ
## 20.01.2014–ലെ മറുപടിക്ക്

വടക്കഞ്ചേരി സബ്ട്രഷറി കെട്ടിട നിർമ്മാണം

1283 ശ്രീ. എ. കെ. ബാലൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിലെ വടക്കഞ്ചേരി സബ് ട്രഷറിക്ക് കെട്ടിടം നിർമ്മിക്കാൻ വടക്കഞ്ചേരി പൊതുമരാമത്ത് വകുപ്പ് റസ്റ്റ് ഹൗസ് കോമ്പൗണ്ടിൽ നിന്നും ട്രഷറി വകുപ്പിന് ഭൂമി നൽകിയത് റവന്യൂ വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത ഭൂമിക്ക് ഉടമസ്ഥാവകാശം കൂടി ലഭിക്കണമെന്ന് ട്രഷറി വകുപ്പ് റവന്യൂ വകുപ്പിനോട് ആവശ്യപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് സംബന്ധിച്ച ട്രഷറി വകുപ്പിന്റെ കത്ത് പാലക്കാട് ജില്ലാ കളക്ടർക്ക് എന്നാണ് ലഭിച്ചത്; ഇതിന്റെ മറുപടി ട്രഷറി വകുപ്പിന് നൽകിയിട്ടുണ്ടോ; എങ്കിൽ എന്നാണ് നൽകിയത്; പ്രസ്തുത കത്തിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(സി) പ്രസ്തുത വിഷയത്തിൽ പാലക്കാട് ജില്ലാ കളക്ടർ 11.11.12 ലെ എൽ.ആർ.ജി.9/05/18370/09 നമ്പർ കത്തിലൂടെ എന്ത് നടപടിയാണ് ലാന്റ് റവന്യൂ കമ്മീഷണറോട് ആവശ്യപ്പെട്ടത്; ആയത് ലഭിച്ചുവോ; എങ്കിൽ എന്നാണ് ലഭിച്ചത്; വ്യക്തമാക്കുമോ;

(ഡി) പാലക്കാട് ജില്ലാ കളക്ടറുടെ 11.11.2012 ലെ എൽ.ആർ. ജി–9/05/18370/09 നമ്പർ കത്ത് എന്നാണ് തിരുവനന്തപുരം ലാന്റ് റവന്യൂ കമ്മീഷണറുടെ ഓഫീസിൽ ലഭിച്ചത്; തപാൽ നമ്പരും തീയതിയും വ്യക്തമാക്കുമോ; പ്രസ്തുത ഫയലിൽ സ്വീകരിച്ച നടപടി വ്യക്തമാക്കുമോ;

(ഇ) ട്രഷറി വകുപ്പിന്റെ കത്തിന് യഥാസമയം മറുപടി നൽകുന്നതിൽ റവന്യൂ വകുപ്പിന് വീഴ്ച പറ്റിയതായി കരുതുന്നുണ്ടോ; എങ്കിൽ ആയതിന്റെ കാരണമെന്തെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 20.01.2014-ലെ മറുപടിക്ക്

<u>മലപ്പുറം ജില്ലയിലെ പുറമ്പോക്ക് ഭൂമിയിൽ ഐ.എച്ച്.ആർ.ഡി കോളേജ് സ്ഥാപിക്കാൻ നടപടി</u>

1284 ശ്രീ. റ്റി. എ. അഹമ്മദ് കബീർ

താഴെ കാണുന്ന ചോദ്യത്തിന്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

മലപ്പുറം ജില്ലയിലെ പെരിന്തൽമണ്ണ താലൂക്കിൽ, മങ്കട വില്ലേജിലെ കർക്കിടകത്തുള്ള റവന്യൂ പുറമ്പോക്ക് ഭൂമി ഐ.എച്ച്.ആർ.ഡി അപ്ലൈഡ് സയൻസ് കോളേജ് സ്ഥാപിക്കുന്നതിനായി വിട്ടു നൽകണമെന്ന ആവശ്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത വിഷയത്തിൽ നാളിതുവരെ സ്വീകരിച്ച നടപടി വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 20.01.2014–ലെ മറുപടിക്ക്

<u>പാറശ്ശാല മണ്ഡലത്തിലെ ആയയിൽ പാലം നിർമ്മിക്കുന്നതിനുള്ള സ്ഥലം</u>

1285 ശ്രീ. എ. റ്റി. ജോർജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പാറശ്ശാല മണ്ഡലത്തിലെ നിരവധി ആളുകൾക്ക് ഉപയോഗപ്രദമായ നെയ്യാറ്റിൻകര മുനിസിപ്പാലിറ്റിയുമായി ബന്ധിപ്പിക്കുന്ന ആയയിൽ പാലം നിർമ്മിക്കുന്നതിനുവേണ്ട സ്ഥലം പൊന്നും വിലയ്ക്ക് എടുക്കുന്ന നടപടി ത്വരിതപ്പെടുത്തുമോ; വിശദമാക്കാമോ;

(ബി) തിരുവനന്തപുരം ലാന്റ് അക്വിസിഷൻ തഹസിൽദാർ പ്രസ്തുത പാലം നിർമ്മിക്കുന്നതിന് ആവശ്യമായ സ്ഥലം ഏറ്റെടുക്കുന്നതിന് സ്വീകരിച്ച നടപടി വിശദമാക്കാമോ?

# കേരള നിയമസഭ
## 20.01.2014-ലെ മറുപടിക്ക്

തിരുമല - തൃക്കണ്ണാപുരം റോഡ് വികസനം

1286 ശ്രീ. വി. ശിവൻകുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നേമം നിയോജകമണ്ഡലത്തിലെ തിരുമല - തൃക്കണ്ണാപുരം റോഡ് വികസനത്തിനായി ഭൂമി ഏറ്റെടുക്കുന്ന പ്രവർത്തനങ്ങളുടെ പുരോഗതി സംബന്ധിച്ചുള്ള വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) പ്രസ്തുത റോഡിനുവേണ്ടിയുള്ള ലാന്റ് അക്വിസിഷൻ നടപടി എന്നാണ് തുടങ്ങിയതെന്നും ആയത് എന്ന് പൂർത്തിയാക്കുവാൻ കഴിയുമെന്നും വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 20.01.2014-ലെ മറുപടിക്ക്

<u>കന്തൽ പജ്ജാന, അട്ക്കസ്ഥല തൂക്കുപാലങ്ങളുടെ നിർമ്മാണം</u>

1287 ശ്രീ. പി. ബി. അബ്ദുൾ റസാക്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മഞ്ചേശ്വരം നിയോജക മണ്ഡലത്തിലെ കന്തൽ പജ്ജാന, അട്ക്കസ്ഥല എന്നീ സ്ഥലങ്ങളിൽ തൂക്കുപാലം നിർമ്മിക്കണമെന്ന ആവശ്യത്തിന്മേൽ എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത തൂക്കുപാലങ്ങൾ ആർ.എം.എഫ് ഉപയോഗിച്ച് നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 20.01.2014-ലെ മറുപടിക്ക്

ബി.റ്റി.ആർ. രജിസ്റ്ററിൽ തിരുത്തൽ വരുത്തുന്നതിനു നടപടി

1288 ശ്രീ. മോൻസ് ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) റവന്യൂ വില്ലേജുകളിൽ നിലവിലുള്ള ബി.റ്റി.ആർ. രജിസ്റ്ററിൽ തിരുത്തൽ വരുത്തുവാൻ ആർക്കാണ് അധികാരമുള്ളത്; ബി.റ്റി.ആർ. രജിസ്റ്ററിൽ തിരുത്തൽ വരുത്തുന്നതിന് സർക്കാർ അംഗീകാരം നൽകുമോ;

(ബി) നെൽവയൽ-തണ്ണീർത്തടസംരക്ഷണനിയമമനുസരിച്ച് ഗസറ്റിൽ പ്രസിദ്ധീകരിച്ചിരിക്കുന്ന വസ്തുവിവരം ബി.റ്റി.ആറിൽ നിലംനികത്തൽ പുരയിടം എന്നത് പുരയിടമായി മാറ്റുന്നതിനുള്ള നടപടിക്രമം വ്യക്തമാക്കുമോ;

(സി) റവന്യൂ രേഖകളിൽ നിലം, പുരയിടം എന്നതു മാറ്റി നിലംനികത്തൽ പുരയിടം കൂടി ഉൾപ്പെടുത്തി പ്രസ്തുതഭൂമിയിൽ വീടുപണിയുന്നതിന് അനുമതി നൽകുന്നതിനു നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ;

(ഡി) നിലം നികത്തിയ തെങ്ങുകൃഷി പുരയിടങ്ങൾ ഇപ്പോഴും വില്ലേജ് രേഖകളിൽ നിലമായിത്തന്നെ കിടക്കുന്നത് മാറ്റി നൽകുന്നതിനായി നിയമനിർമ്മാണം കൊണ്ടുവരാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ, വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ഇ) പുരയിടങ്ങളായി മാറിയിട്ടുള്ള നിലങ്ങളെ സംബന്ധിച്ച് വില്ലേജ് രേഖകളിൽ മാറ്റം വരുത്താത്തതുകാരണം സാധാരണക്കാരായ ആളുകൾക്ക് വീടുവെയ്ക്കുന്നതിനും മറ്റാവശ്യങ്ങൾക്കും ബുദ്ധിമുട്ട് നേരിടുന്ന പ്രശ്നം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയതു പരിഹരിക്കുന്നതിനായി സ്വീകരിക്കാനുദ്ദേശിക്കുന്ന നയപരമായ കാര്യങ്ങൾ എന്തെല്ലാമാണെന്നു വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 20.01.2014-ലെ മറുപടിക്ക്

**മലപ്പുറം ജില്ലയിലെ താനൂർ വില്ലേജിൽ റീസർവ്വേ നടത്തിയതിൻപ്രകാരമുള്ള രേഖകൾ**

1289 ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ താനൂർ വില്ലേജിൽ അവസാനത്തെ റീസർവ്വേ കഴിഞ്ഞശേഷമുള്ള 'എ' രജിസ്റ്ററും അതിന്റെ അപ്പെൻഡിക്സും വില്ലേജ് ആഫീസിൽ ലഭ്യമാണോ;

(ബി) അല്ലെങ്കിൽ സൂക്ഷിക്കേണ്ട രേഖകൾ നഷ്ടമായതിനുള്ള കാരണം വ്യക്തമാക്കുമോ;

(സി) പ്രസ്തുത സംഭവത്തിന് ഉത്തരവാദികളായ ഉദ്യോഗസ്ഥർ ആരൊക്കെയാണെന്നും ആയത് നഷ്ടമായിട്ടുണ്ടെങ്കിൽ അതിനുള്ള കാരണങ്ങൾ സംബന്ധിച്ചും വിശദമായ അന്വേഷണം നടത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത രേഖകൾ മറ്റ് ഏതെല്ലാം ഓഫീസുകളിൽ കൂടി സൂക്ഷിക്കണമെന്നാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത്; പ്രസ്തുത ഓഫീസുകളിൽ താനൂർ വില്ലേജിനെ സംബന്ധിച്ച ഈ രേഖ ലഭ്യമാണോ?

# കേരള നിയമസഭ
## 20.01.2014–ലെ മറുപടിക്ക്

<u>റീ–സർവ്വേ പ്രവർത്തനം പരിമിതപ്പെടുത്തിയത് സംബന്ധിച്ച്</u>

1290 ശ്രീ. കെ. രാജു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നടന്നുവന്നിരുന്ന റീ–സർവ്വേ പ്രവർത്തനം പരിമിതപ്പെടുത്തിയത് മൂലം പൊതുജനങ്ങൾക്കുണ്ടായിട്ടുള്ള ബുദ്ധിമുട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) റീ സർവ്വേ പ്രവർത്തനം പരിമിതപ്പെടുത്തിയ സാഹചര്യത്തിൽ പുറമ്പോക്ക് സംരക്ഷിക്കുന്നതിന് എന്തൊക്കെ നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) സർവ്വേയും ഭൂരേഖയും വകുപ്പിൽ ഇതുമൂലമുണ്ടാകുന്ന അധിക തസ്തികകൾ തിട്ടപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ അത് എത്രയെണ്ണമെന്ന് വിശദമാക്കുമോ?

## കേരള നിയമസഭ
## 20.01.2014–ലെ മറുപടിക്ക്

<u>അംഗീകൃത/അനധികൃത ക്വാറികളുടെ കണക്ക്</u>

1291 ശ്രീ. മുല്ലക്കര രത്നാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) റവന്യൂ വകുപ്പിന്റെ അനുമതിയോടെ എത്ര പാറക്വാറികൾ പ്രവർത്തിക്കുന്നുണ്ട് എന്നുള്ളതിന്റെ കണക്ക് ലഭ്യമാക്കാമോ; ആയതിന്റെ ജില്ല തിരിച്ചുള്ള കണക്ക് വെളിപ്പെടുത്താമോ;

(ബി) അനധികൃത ക്വാറിയിംഗ് നടത്തുന്നതിനെതിരെ റവന്യൂ വകുപ്പ് എന്ത് നടപടിയാണ് സ്വീകരിക്കുന്നത്; അനധികൃത ക്വാറികൾ നിരോധിക്കുന്നതിനു വേണ്ടി റവന്യൂ വകുപ്പ് പ്രത്യേക അന്വേഷണ സംഘത്തെ നിയോഗിക്കുമോ; വിശദമാക്കാമോ?

# കേരള നിയമസഭ
## 20.01.2014-ലെ മറുപടിക്ക്

<u>ഖനനാനുമതിയുടെ നിബന്ധനകൾ</u>

1292

ശ്രീമതി കെ. കെ. ലതിക

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പാറ, മണൽ, ചെങ്കല്ല് മുതലായവയുടെ ഖനനത്തിന് റവന്യൂ വകുപ്പ് അനുമതി നൽകുന്നതിന്റെ മാനദണ്ഡം വ്യക്തമാക്കാമോ;

(ബി) അനുമതി നൽകുന്നില്ലെങ്കിൽ അനുമതി നൽകേണ്ട വകുപ്പിൽ സമർപ്പിക്കുന്നതിന് എന്തെല്ലാം രേഖകളാണ് റവന്യൂ വകുപ്പ് ഖനനാനുമതി സംബന്ധിച്ച് നൽകുന്നത് എന്ന് വ്യക്തമാക്കുമോ;

(സി) ഖനനാനുമതിക്കുള്ള അപേക്ഷയിൽ പരിസ്ഥിതി ആഘാതം സംബന്ധിച്ച പഠന റിപ്പോർട്ട് ഉൾക്കൊള്ളിക്കണമെന്ന നിർദ്ദേശം നൽകിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 20.01.2014–ലെ മറുപടിക്ക്

<u>സസ്പെന്റ് ചെയ്യപ്പെട്ട ഉദ്യോഗസ്ഥര്‍</u>

1293 ശ്രീ. കോവൂര്‍ കുഞ്ഞുമോന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സര്‍ക്കാര്‍ അധികാരത്തില്‍ വന്നതിനുശേഷം റവന്യൂ വകുപ്പില്‍ എത്ര ഉദ്യോഗസ്ഥരെ സസ്പെന്റു ചെയ്തിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ;

(ബി) സസ്പെന്റു ചെയ്യപ്പെട്ട ഉദ്യോഗസ്ഥര്‍ ആരെല്ലാം; അവര്‍ ഏതു തസ്തികയില്‍ ജോലി ചെയ്യുമ്പോഴാണ് സസ്പെന്റു ചെയ്യപ്പെട്ടതെന്നും എന്തുകാരണത്തിനാണ് സസ്പെന്റു ചെയ്യപ്പെട്ടത് എന്നും വ്യക്തമാക്കുമോ;

(സി) പ്രസ്തുത ഉദ്യോഗസ്ഥരെ എന്നാണ് സസ്പെന്റുചെയ്തെന്നും അവരില്‍ എത്ര പേരെ തിരികെ സര്‍വ്വീസില്‍ പ്രവേശിപ്പിച്ചു എന്നും എന്നാണ് സര്‍വ്വീസില്‍ പ്രവേശിപ്പിച്ചതെന്നും വെളിപ്പെടുത്തുമോ;

(ഡി) സസ്പെന്റു ചെയ്യപ്പെട്ടവരില്‍ എത്ര പേരുടെ പേരില്‍ ആരോപിച്ച കുറ്റം തെളിഞ്ഞു എന്നും അവ ഏതൊക്കെയാണെന്നും അവരുടെ പേരില്‍ എന്തു നടപടി സ്വീകരിച്ചു എന്നും വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 20.01.2014–ലെ മറുപടിക്ക്

<u>പത്തനംതിട്ട ജില്ലയിലെ കളക്ടർമാർ</u>

1294 ശ്രീ. മാത്യു റ്റി. തോമസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ നിലവിൽവന്നതിനുശേഷം പത്തനംതിട്ട ജില്ലയിൽ എത്ര കളക്ടർമാരെ നിയമിച്ചിട്ടുണ്ട്;

(ബി) സർക്കാർവക സ്ഥലങ്ങളും കുളങ്ങളും തോടുകളും കെ. ജി. എസ്. ഗ്രൂപ്പ് കയ്യേറിയതായി ഏതെങ്കിലും കളക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; എങ്കിൽ എന്ന്; ഏത് കളക്ടർ; പ്രസ്തുത കളക്ടറെ എന്നാണ് സ്ഥലം മാറ്റിയത്;

(സി) ഭൂപരിഷ്കരണനിയമം ലംഘിച്ചുകൊണ്ട് മിച്ചഭൂമി കൈവശം വയ്ക്കുന്നതായി ഏതെങ്കിലും കളക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; എങ്കിൽ എന്ന്; ഏത് കളക്ടർ; റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ?

# കേരള നിയമസഭ
## 20.01.2014–ലെ മറുപടിക്ക്

<u>കാസർഗോഡ് ജില്ലയിലെ മാടക്കാൽ തൂക്കുപാലം</u>

1295 ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ റവന്യൂ-ദുരന്ത നിവാരണ വകുപ്പ് മുഖേന നിർമ്മിച്ച മാടക്കാൽ തൂക്കുപാലം മാസങ്ങൾക്കുളളിൽ തന്നെ പൂർണ്ണമായും തകർന്നതിൽ അശാസ്ത്രീയമായ നിർമ്മാണം നടത്തിയ കെ.ഇ.എൽ -നെതിരെ നടപടി സ്വീകരിക്കാനോ, പാലം പുനർനിർമ്മാണം നടത്താനോ തയ്യാറാകാത്തതിന്റെ കാരണം വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പാലത്തോടൊപ്പം നിർമ്മാണം ആരംഭിച്ച പടന്നക്കടപ്പുറം തൂക്കുപാലത്തിന്റെ നിർമ്മാണം നിർത്തിവച്ചതിന്റെ കാരണം വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 20.01.2014-ലെ മറുപടിക്ക്

കാലവർഷക്കെടുതികൾ മൂലം ഉണ്ടാകുന്ന നഷ്ടം

1296 ശ്രീ. ജി. സുധാകരൻ
,, കെ. ദാസൻ
,, സി. കൃഷ്ണൻ
,, എസ്. രാജേന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാലവർഷക്കെടുതികൾ മൂലം ഉണ്ടാകുന്ന നഷ്ടങ്ങൾക്ക് കേന്ദ്രസർക്കാരിൽ നിന്നും പരിഹാരം നേടിയെടുക്കുന്നതിൽ സർക്കാർ വിജയിച്ചിട്ടുണ്ടോ; ഒടുവിലത്തെ കാലവർഷക്കെടുതികളെക്കുറിച്ച് പഠിക്കുന്നതിന് സംസ്ഥാനത്തെത്തിയ കേന്ദ്രസംഘം ഏതെല്ലാം സ്ഥലങ്ങൾ സന്ദർശിക്കുകയുണ്ടായി; കാലവർഷക്കെടുതി മൂലം ഉണ്ടായതായി കണക്കാക്കപ്പെട്ട നഷ്ടം ആകെയെത്രയാണ്;

(ബി) കേന്ദ്രസഹായത്തിന് സംസ്ഥാനം അഭ്യർത്ഥിക്കുകയുണ്ടായോ; എന്തു തുക കേന്ദ്ര സഹായമായി ലഭിച്ചു; 2011-12, 2012-13 വർഷങ്ങളിൽ കണക്കാക്കപ്പെട്ട നഷ്ടം എത്രയായിരുന്നു; ലഭിച്ച കേന്ദ്രസഹായം എത്രയായിരുന്നു;

(സി) കെടുതിയിലുണ്ടായ നാശനഷ്ടങ്ങളുടെ സ്വഭാവം വിശദമാക്കാമോ; മരണമടഞ്ഞവരെത്ര; എത്ര ഏക്കറിന്റെ കൃഷി നാശം ഉണ്ടായി; എത്ര വീടുകൾ തകർന്നു പോയി;

(ഡി) മഴക്കെടുതികൾ നേരിടുന്നതിന് ജില്ലകൾക്ക് അനുവദിച്ച തുകയും ഇതിനകം ചെലവഴിച്ച തുകയും സംബന്ധിച്ച് വിശദമാക്കാമോ?

## കേരള നിയമസഭ
## 20.01.2014-ലെ മറുപടിക്ക്

<u>കാലവർഷക്കെടുതിയിലുണ്ടായ നാശനഷ്ടങ്ങൾ</u>

1297 ശ്രീ. പി. ഉബൈദുള്ള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഇക്കഴിഞ്ഞ കാലവർഷക്കെടുതിയിൽ കേരളത്തിൽ എത്ര കോടിയുടെ നാശനഷ്ടമാണുണ്ടായിട്ടുള്ളത്;

(ബി) കാലവർഷക്കെടുതിയിൽ ദുരിതം നേരിട്ട കുടുംബങ്ങൾക്ക് ഏതെല്ലാം മാനദണ്ഡങ്ങൾ അനുസരിച്ചാണ് നഷ്ടപരിഹാരം അനുവദിക്കുന്നത്;

(സി) കാലവർഷക്കെടുതിയിലും പ്രകൃതിക്ഷോഭത്തിലും ദുരിതമനുഭവിച്ച കുടുംബങ്ങൾക്ക് നഷ്ടപരിഹാരത്തുക കിട്ടുവാൻ വൈകുന്നതായുള്ള പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) പ്രകൃതിക്ഷോഭങ്ങളിലും മഴക്കെടുതിയിലും ദുരിതമനുഭവിക്കുന്ന കുടുംബങ്ങൾക്ക് ആവശ്യമായ നഷ്ടപരിഹാരം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 20.01.2014-ലെ മറുപടിക്ക്

<u>വെള്ളപ്പൊക്കദുരിതനിവാരണ ഫണ്ട്</u>

1298 ശ്രീ. എൻ. എ. നെല്ലിക്കുന്ന്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വെള്ളപ്പൊക്കദുരിതനിവാരണ ഫണ്ടിൽ ഉൾപ്പെടുത്തി കാസർഗോഡ് ജില്ലയിൽ പൂർത്തീകരിച്ച പ്രവൃത്തികൾക്ക് ഫണ്ട് മുഴുവൻ അനുവദിച്ചിട്ടുണ്ടോ;

(ബി) കരാറുകാർക്ക് പ്രസ്തുതയിനത്തിൽ കുടിശ്ശികയുണ്ടോ; എങ്കിൽ, എത്രയാണ് കുടിശ്ശികത്തുക;

(സി) എത്രകാലമായി കുടിശ്ശികയുണ്ടെന്നും, കുടിശ്ശിക എന്നു കൊടുത്തുതീർക്കാനാകുമെന്നും വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 20.01.2014-ലെ മറുപടിക്ക്

പയ്യന്നൂർ നിയോജകമണ്ഡലത്തിലെ റോഡുകളുടെ പ്രവൃത്തി പൂർത്തീകരണം

1299 ശ്രീ. സി. കൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാലവർഷക്കെടുതിയിൽ തകർന്ന റോഡുകൾ അഭിവൃദ്ധിപ്പെടുത്തുന്ന പദ്ധതിപ്രകാരം ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പയ്യന്നൂർ നിയോജകമണ്ഡലത്തിലെ എത്ര റോഡുകൾക്ക് ഫണ്ട് അനുവദിച്ചിട്ടുണ്ടെന്നും, ഏതെല്ലാം റോഡുകളാണെന്നും പഞ്ചായത്തടിസ്ഥാനത്തിൽ വിശദമാക്കാമോ ;

(ബി) പ്രസ്തുത റോഡുകളിൽ ഏതെല്ലാം റോഡുകളുടെ പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(സി) പ്രവൃത്തി പൂർത്തീകരിക്കാത്ത റോഡുകളുടെ നിലവിലുള്ള അവസ്ഥ വിശദമാക്കാമോ ;

(ഡി) ജില്ലാകളക്ടറിൽനിന്നും ഭരണാനുമതി ലഭിക്കാത്ത ഏതെല്ലാം റോഡുകളുണ്ടെന്നും ആയതിന്റെ കാരണമെന്താണെന്നും വിശദമാക്കാമോ ?

# കേരള നിയമസഭ
## 20.01.2014-ലെ മറുപടിക്ക്

കാസർഗോഡ് ജില്ലയിൽ ചുഴലിക്കാറ്റ് മൂലം സംഭവിച്ച നാശനഷ്ടം

1300 ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ വേനൽ മഴയിൽ കാസർഗോഡ് ജില്ലയിൽ പുല്ലൂർ പെരിയ പഞ്ചായത്തിലെ ആയംമ്പാറയിലും മടിക്കൈ, നീലേശ്വരം പഞ്ചായത്തുകളിലും വീശിയ ചുഴലിക്കാറ്റ് മൂലം സംഭവിച്ച നാശനഷ്ടം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) നാശനഷ്ടത്തിന്റെ കണക്ക് പഞ്ചായത്തടിസ്ഥാനത്തിൽ വിശദമാക്കാമോ;

(സി) പ്രസ്തുത പ്രദേശങ്ങൾ മന്ത്രിമാരടക്കമുള്ള ജനപ്രതിനിധികൾ സന്ദർശിച്ചിരുന്നുവോ;

(ഡി) പ്രസ്തുത വിഷയത്തിൽ നഷ്ടം സംഭവിച്ച കർഷകർക്ക് സാമ്പത്തിക സഹായം നൽകുന്നതിന് പ്രത്യേക പാക്കേജ് അനുവദിക്കാമെന്ന ഉറപ്പ് നടപ്പിലാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ഇ) നഷ്ടം സംഭവിച്ച കർഷകർക്ക് എന്ത് സഹായമാണ് നൽകുന്നതെന്ന് വ്യക്തമാക്കാമോ?

**കേരള നിയമസഭ**
**20.01.2014-ലെ മറുപടിക്ക്**

<u>ബി. പി. എൽ ലിസ്റ്റിൽ ഉൾപ്പെട്ട എൻഡോസൾഫാൻ ബാധിതർ</u>

1301 ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)

താഴെ കാണുന്ന ചോദ്യത്തിന്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

കാസർഗോഡ് ജില്ലയിലെ എൻഡോസൾഫാൻ ദുരിത ബാധിതരായ എത്ര കുടുംബങ്ങളെയാണ് ബി. പി. എൽ ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടുള്ളതെന്നും, എത്ര കുടുംബങ്ങളെ പ്രസ്തുത ലിസ്റ്റിൽ ഉൾപ്പെടുത്താനുണ്ടെന്നും വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 20.01.2014–ലെ മറുപടിക്ക്

<u>കാലവർഷക്കെടുതിയിലെ നഷ്ടം</u>

1302 ശ്രീ. ജെയിംസ് മാത്യു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ഇതേവരെ ഉണ്ടായ കാലവർഷക്കെടുതികളിലും വരൾച്ചയിലും ഉണ്ടായതായി കണക്കാക്കപ്പെട്ട മൊത്തം നഷ്ടം എത്രയാണെന്ന് ഓരോ സീസൺ തിരിച്ച് വിശദമാക്കുമോ;

(ബി) പ്രസ്തുത കാലയളവിൽ ഓരോ സീസണിലും നാശനഷ്ടങ്ങൾ സംബന്ധിച്ച് കേന്ദ്ര സർക്കാരിനു സമർപ്പിച്ച നിവേദനങ്ങളിൽ അവകാശപ്പെട്ട സംസ്ഥാനത്തിന്റെ മൊത്തം നഷ്ടം എത്ര വീതമായിരുന്നു;

(സി) ഓരോ സീസണിലും സംസ്ഥാനം ആവശ്യപ്പെട്ട തുകയുടെ എത്ര ശതമാനം തുക വീതം, എന്ത് തുക സംസ്ഥാനത്തിന് കേന്ദ്രം അനുവദിക്കുകയുണ്ടായി?

# കേരള നിയമസഭ
## 20.01.2014-ലെ മറുപടിക്ക്

ചേലക്കര മണ്ഡലത്തിലെ റിവർ മാനേജ്മെന്റ് ഫണ്ട് വിനിയോഗിച്ച് നടപ്പിലാക്കുന്ന പദ്ധതി

1303 ശ്രീ. കെ. രാധാകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ചേലക്കര മണ്ഡലത്തിൽ റിവർ മാനേജ്മെന്റ് ഫണ്ട് വിനിയോഗിച്ച് നടപ്പിലാക്കുവാൻ തീരുമാനിച്ചിരുന്ന പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പദ്ധതികളിൽ പൂർത്തിയായവ ഏതെല്ലാമാണെന്നും എല്ലാ പദ്ധതികളും പൂർത്തിയാക്കുവാൻ കാലതാമസമുണ്ടാകുന്നതിനുള്ള കാരണങ്ങളും വ്യക്തമാക്കാമോ;

(സി) സമയബന്ധിതമായി കാലതാമസം കൂടാതെ പ്രസ്തുത പദ്ധതികൾ പൂർത്തിയാക്കുവാൻ നടപടി സ്വീകരിക്കുമോയെന്ന് വിശദമാക്കാമോ?

# കേരള നിയമസഭ
## 20.01.2014-ലെ മറുപടിക്ക്

<u>തടയണ നിർമ്മാണത്തിനുള്ള അനുമതി</u>

1304 ശ്രീ. കെ. രാധാകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചേലക്കര നിയോജകമണ്ഡലത്തിലെ ചെറുതുരുത്തിയിൽ റിവർ മാനേജ്മെന്റ് ഫണ്ട് വിനിയോഗിച്ച് നിർമ്മിച്ചുവന്നിരുന്ന തടയണ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ;

(ബി) കരാറുകാരന്റെ മരണത്തെതുടർന്നും സാങ്കേതിക കാരണങ്ങളാലും സ്തംഭിച്ചുകിടന്ന തടയണ നിർമ്മാണത്തിന് ഭരണാനുമതി പുതുക്കിക്കിട്ടാൻ തൃശൂർ ജില്ലാ കളക്ടർ പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) പ്രസ്തുത പ്രൊപ്പോസൽ സർക്കാർ അംഗീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള കാരണങ്ങൾ വ്യക്തമാക്കാമോ;

(ഡി) കാലതാമസം ഒഴിവാക്കി ഭരണാനുമതി പുതുക്കി നൽകി അടുത്ത അനുകൂല സീസണിൽത്തന്നെ തടയണ നിർമ്മാണം പുനരാരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ ; വിശദമാക്കാമോ?

# കേരള നിയമസഭ
## 20.01.2014-ലെ മറുപടിക്ക്

<u>കോഴിക്കോട് ജില്ലയിൽ റിവർമാനേജ്മെന്റ് ഫണ്ട് വിനിയോഗം</u>

1305 ശ്രീ. ഇ. കെ. വിജയൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിൽ റിവർമാനേജ്മെന്റ് ഫണ്ടിൽ നിലവിൽ എത്ര തുക സ്വരൂപിച്ചിട്ടുണ്ട്; വിശദാംശം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത ഇനത്തിൽ ഇതുവരെ എത്ര രൂപ ചിലവഴിച്ചിട്ടുണ്ട്; വിശദാംശം ലഭ്യമാക്കാമോ;

(സി) റിവർ മാനേജ്മെന്റ് ഫണ്ട് നൽകുന്നത് സംബന്ധിച്ച് എന്തെല്ലാം മാനദണ്ഡങ്ങളാണ് പാലിക്കുന്നതെന്നു വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത ഫണ്ട് ഏതെല്ലാം കാര്യങ്ങൾക്കായാണ് വിനിയോഗിക്കുന്നതെന്ന് വിശദമാക്കാമോ;

# കേരള നിയമസഭ
## 20.01.2014-ലെ മറുപടിക്ക്

<u>പട്ടാമ്പി മണ്ഡലത്തിലെ വിളയൂര്‍ ഹൈസ്കൂളിന് കെട്ടിടം</u>

1306 ശ്രീ. സി. പി. മുഹമ്മദ്

താഴെ കാണുന്ന ചോദ്യത്തിന്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

പട്ടാമ്പി മണ്ഡലത്തിലെ വിളയൂര്‍ ഹൈസ്കൂളിന് കെട്ടിടം നിര്‍മ്മിക്കുന്നതിന് എം.എല്‍.എ യുടെ ആസ്തിവികസന ഫണ്ടില്‍ നിന്നും തുക അനുവദിച്ചിട്ടും പ്രസ്തുത പ്രവൃത്തി ആരംഭിക്കുന്നത് സംബന്ധിച്ച് റവന്യൂ വകുപ്പിന്റെ ഫയലിന്മേലുള്ള നടപടി താമസിക്കുന്നിന്റെ കാരണം വ്യക്തമാക്കുമോ; ഇക്കാര്യത്തില്‍ അടിയന്തിര നടപടി സ്വീകരിക്കുമോ?

## കേരള നിയമസഭ
## 20.01.2014-ലെ മറുപടിക്ക്

<u>വേല, പൂരം, കുമ്മാട്ടി തുടങ്ങിയ ഉത്സവങ്ങൾ</u>

1307 ശ്രീ. എം. ചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2014-ലെ വേല, പൂരം, കുമ്മാട്ടി തുടങ്ങിയ ഉത്സവങ്ങൾ ആരംഭിക്കുന്നതിന് മുന്നോടിയായി പാലക്കാട് ജില്ലയിൽ എന്തൊക്കെ മുൻകരുതലുകളാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) ഉത്സവ കമ്മിറ്റിയുടെ പ്രത്യേക യോഗം കളക്ടർ വിളിച്ചു ചേർക്കാറുണ്ടോ;

(സി) കരിമരുന്ന്/വെടിമരുന്ന് പ്രയോഗത്തിന് എന്തൊക്കെ നിയന്ത്രണങ്ങളാണ് ജില്ലാ ഭരണകൂടം എടുത്തിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ഡി) ഉത്സവത്തിന് ആനകളെ എഴുന്നെള്ളിക്കുന്നതിന് എന്തൊക്കെ നിയന്ത്രണങ്ങളും മുൻകരുതലുകളുമാണ് പാലക്കാട് ജില്ലാഭരണകൂടം ഏർപ്പെടുത്തിയിരിക്കുന്നത്; വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 20.01.2014–ലെ മറുപടിക്ക്

<u>ചകിരിച്ചോറിൽ നിന്ന് വൈദ്യുതി</u>

1308 ശ്രീ. ബെന്നി ബെഹനാൻ
,, ഐ. സി. ബാലകൃഷ്ണൻ
,, വി. പി. സജീന്ദ്രൻ
,, ജോസഫ് വാഴക്കൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചകിരിച്ചോറിൽ നിന്ന് വൈദ്യുതി ഉൽപാദിപ്പിക്കുന്ന നിലയം സ്ഥാപിക്കാനുളള പദ്ധതിയ്ക്ക് കയർ ബോർഡ് രൂപം നൽകിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പദ്ധതി സംബന്ധിച്ച വിശദാംശങ്ങൾ എന്തെല്ലാം; വിവരിക്കുമോ;

(സി) എത്ര മെഗാവാട്ട് വൈദ്യുതിയാണ് ഉൽപാദിപ്പിക്കാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ;

(ഡി) പദ്ധതിയ്ക്കായി സംസ്ഥാന ഗവൺമെന്റ് എന്തെല്ലാം നടപടികൾ സ്വീകരിച്ചു കഴിഞ്ഞിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം?

# കേരള നിയമസഭ
## 20.01.2014-ലെ മറുപടിക്ക്

<u>കയര്‍ വ്യവസായത്തിനുവേണ്ടി ബഡ്ജറ്റില്‍ വകയിരുത്തിയ തുക</u>

1309 ശ്രീ. പി. കെ. ഗുരുദാസന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കയര്‍വ്യവസായത്തിനുവേണ്ടി 2013-14 ബഡ്ജറ്റില്‍ എത്ര കോടി രൂപ വകയിരുത്തി; പ്രസ്തുത തുകയില്‍ നിന്നും 2013 ഡിസംബര്‍ വരെ ഏതെല്ലാമിനത്തില്‍ എന്തു തുക വീതം ചെലവഴിച്ചുവെന്ന് വ്യക്തമാക്കുമോ;

(ബി) 2012-13 ല്‍ കയര്‍ വ്യവസായത്തിനുവേണ്ടി എന്ത് തുക ബഡ്ജറ്റില്‍ വകയിരുത്തിയിരുന്നു; ഇതില്‍ ഏതെല്ലാം ഇനത്തില്‍ എന്ത് തുക വീതം ചെലവഴിച്ചു എന്നു വ്യക്തമാക്കുമോ;

(സി) കയര്‍ തൊഴിലാളി പ്രൈമറി സൊസൈറ്റികള്‍ക്കും കയര്‍ഫെഡിനും കയര്‍ കോര്‍പ്പറേഷനും എന്ത് തുക വീതം 2012-13 ലും 2013-14 ലും പ്രവര്‍ത്തനമൂലധനമായും ഗ്രാന്റായും നല്‍കിയിട്ടുണ്ട്; ഇനം തിരിച്ചു വിശദീകരിക്കുമോ; ഇന്‍കം സപ്പോര്‍ട്ടു സ്കീം ഇനത്തില്‍ ഈ ഗവണ്‍മെന്റ് അധികാരത്തില്‍ വന്നശേഷം എത്ര രൂപ അനുവദിച്ചു; ഓരോ വര്‍ഷവും എന്ത് തുകവീതം ചെലവഴിച്ചു; വിശദീകരിക്കുമോ;

# കേരള നിയമസഭ
## 20.01.2014-ലെ മറുപടിക്ക്

<u>കയർ മേഖലയിലെ ആഭ്യന്തരവിപണനസാദ്ധ്യത</u>

1310 ശ്രീ. ഡൊമിനിക് പ്രസന്റേഷൻ
,, അൻവർ സാദത്ത്
,, ഷാഫി പറമ്പിൽ
,, ലൂഡി ലൂയിസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കയർ മേഖലയിലെ ആഭ്യന്തരവിപണിയുടെ സാദ്ധ്യത ഉപയോഗപ്പെടുത്താൻ എന്തെല്ലാം കർമ്മപദ്ധതികളാണ് ആസൂത്രണം ചെയ്തിരിക്കുന്നത്; വിശദമാക്കുമോ;

(ബി) ഈ ലക്ഷ്യം കൈവരിക്കുന്നതിന് കയറുത്പാദകർക്കും വ്യാപാരികൾക്കും എന്തെല്ലാം സഹായങ്ങളാണു നൽകാൻ ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) എത്ര കോടി രൂപയുടെ ആഭ്യന്തരവിപണി കണ്ടെത്താനാണു ലക്ഷ്യമിട്ടിട്ടുള്ളത്; വിശദാംശങ്ങൾ എന്തെല്ലാം;

(ഡി) കയറുല്പന്നങ്ങളുടെ വൈവിദ്ധ്യവത്ക്കരണത്തിന് കയർ കോർപ്പറേഷൻ എന്തെല്ലാം സഹായങ്ങളാണു നൽകുന്നത്; വിശദാംശങ്ങൾ എന്തെല്ലാം?

# കേരള നിയമസഭ
# 20.01.2014–ലെ മറുപടിക്ക്

<u>കയർ വിപണനം</u>

1311 ശ്രീ. പുരുഷൻ കടലുണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കയർ ഉൽപന്നങ്ങളുടെ വിപണനത്തിനായി രൂപീകരിച്ച കൺസോർഷ്യം സംബന്ധിച്ച് വിശദമാക്കാമോ; കൺസോർഷ്യത്തിന്റെ ചെലവിലേയ്ക്കായി എന്തുതുക ഇതിനകം അനുവദിച്ചുകൊടുത്തിട്ടുണ്ട്;

(ബി) കൺസോർഷ്യം വഴി നാളിതുവരെ വിപണനത്തിനായി സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്?

(സി) കയർ വകുപ്പുമന്ത്രി ഉൾപ്പെടെ കയർ വിപണനം വർദ്ധിപ്പിക്കാൻ വേണ്ടി ഏതെല്ലാം രാജ്യങ്ങൾ സന്ദർശിക്കുകയുണ്ടായി;

(ഡി) ഈ സർക്കാർ അധികാരമേറ്റശേഷം കയറും കയർ വിപണനവുമായി ബന്ധപ്പെട്ട മന്ത്രിയും ഉദ്യോഗസ്ഥരും നടത്തിയ വിദേശയാത്രകൾ ഏതൊക്കെയായിരുന്നു; ഓരോ യാത്രാവേളയിലും യാത്രാസംഘത്തിൽ ആരൊക്കെയുണ്ടായിരുന്നു; ഓരോ വേളയിലും ഏതെല്ലാം രാജ്യങ്ങളിൽ എത്രദിവസം വീതം താമസിക്കുകയുണ്ടായി; ഓരോ യാത്രാവേളയിലും കയർ വകുപ്പുമന്ത്രി നടത്തിയ പ്രവർത്തനങ്ങൾ വിശദമാക്കാമോ?

# കേരള നിയമസഭ
## 20.01.2014-ലെ മറുപടിക്ക്

<u>കയർ മേഖല നേരിടുന്ന പ്രതിസന്ധിക്കു പരിഹാരം</u>

1312 ശ്രീ. എസ്. ശർമ്മ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കയർ മേഖല നേരിടുന്ന പ്രതിസന്ധിക്കു പരിഹാരം കാണാൻ എന്തൊക്കെ നടപടികളാണു സ്വീകരിച്ചിട്ടുള്ളതെന്നു വിശദമാക്കുമോ;

(ബി) 2012-13 സാമ്പത്തിക വർഷത്തിൽ എന്ത് തുക കയർ മേഖലയുടെ ആവശ്യത്തിനായി നീക്കിവെച്ചിട്ടുണ്ടെന്നു വ്യക്തമാക്കുമോ;

(സി) ഓരോ പദ്ധതിക്കും നീക്കിവെച്ച തുകയും, ചെലവഴിച്ച തുകയും എത്രയെന്നു വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 20.01.2014–ലെ മറുപടിക്ക്

<u>ചകിരിക്ഷാമം</u>

1313 ശ്രീ. കെ. ദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കയർ മേഖലയുടെ വികസനത്തിനു തിരിച്ചടിയാകുന്ന തരത്തിൽ ചകിരിക്ഷാമം അതിരൂക്ഷമായിരിക്കുന്നതു ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സംസ്ഥാനത്ത് പ്രതിവർഷം എത്ര ടൺ ചകിരിയാണ് ആവശ്യമായിവരുന്നത്; അതിൽ എത്ര ടൺ സംസ്ഥാനത്ത് ഉത്പാദിപ്പിക്കുന്നുണ്ടെന്നും, എവിടുന്നെല്ലാം എത്ര ടൺ സംസ്ഥാനത്ത് ഇറക്കുമതി ചെയ്യുന്നുണ്ടെന്നും വ്യക്തമാക്കുമോ;

(സി) ഉത്പാദിപ്പിക്കുന്ന തൊണ്ടിന്റെ എത്ര ശതമാനം ചകിരിയാക്കി മാറ്റുന്നതിന് ഇപ്പോൾ കഴിയുന്നുണ്ട്;

(ഡി) തൊണ്ട് ശാസ്ത്രീയമായി സംസ്ക്കരിക്കുന്നതിനാവശ്യമായ പദ്ധതികൾ ആവിഷ്ക്കരിച്ചു നടപ്പാക്കുന്നതിനു നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 20.01.2014–ലെ മറുപടിക്ക്

<u>തൊണ്ടുശേഖരണത്തിന് പദ്ധതി</u>

1314 ശ്രീ.ജി. സുധാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തൊണ്ടു ശേഖരണത്തിന് നിലവിലുളള പദ്ധതികൾ വിശദമാക്കാമോ;

(ബി) എത്ര തൊണ്ടുശേഖരണ കൺസോർഷ്യങ്ങൾ പ്രവർത്തിക്കുന്നു; അവ ഓരോന്നും നടപ്പുവർഷം എത്ര തൊണ്ടു വീതം സംഭരിച്ചു എന്ന് വ്യക്തമാക്കുമോ;

(സി) കേരളത്തിൽ ഉൽപാദിപ്പിക്കുന്ന പരമാവധി തൊണ്ട് കയർ മേഖലയ്ക്ക് ലഭ്യമാക്കാൻ കഴിയുന്ന പദ്ധതി നാളികേര വികസന ബോർഡുമായി ചേർന്ന് തയ്യാറാക്കാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 20.01.2014–ലെ മറുപടിക്ക്

<u>കയർബോർഡിന്റെ റിമോട്ട് പദ്ധതിയിലെ ക്രമക്കേട്</u>

1315 ശ്രീ. കെ. സുരേഷ് കുറുപ്പ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കയർബോർഡ് നടപ്പാക്കുന്ന റിമോട്ട് പദ്ധതിയിൽ ക്രമക്കേട് നടന്നതായി പരാതി ഉയർന്നിട്ടുണ്ടോ; ഇത് സംബന്ധിച്ച് സി. ബി.ഐ അന്വേഷണം നടത്തുകയുണ്ടായോ;

(ബി) സി. ബി. ഐ. കുറ്റക്കാരെന്ന് കണ്ടെത്തിയവർ ആരെല്ലാമാണ് എന്നും ഇവരുടെ മേൽ ചുമത്തിയ കുറ്റങ്ങൾ എന്തെല്ലാമാണ് എന്നും അറിയാമോ; എങ്കിൽ വിശദമാക്കുമോ;

(സി) ക്രമക്കേട് സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ;

(ഡി) ആകെ എന്ത് തുകയുടെ അഴിമതിയാണ് നടത്തിയിട്ടുള്ളത് എന്ന് വെളിപ്പെടുത്തുമോ;

(ഇ) ക്രമക്കേട് നടന്ന കാലയളവിൽ കയർബോർഡ് ചെയർമാൻ ആരായിരുന്നുവെന്നറിയിക്കുമോ?

## കേരള നിയമസഭ
## 20.01.2014-ലെ മറുപടിക്ക്

<u>കയർതൊഴിലാളി ക്ഷേമനിധി വരുമാനം</u>

1316 ശ്രീ. ജി. സുധാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2011-12, 2012-13 വർഷങ്ങളിൽ കയർ തൊഴിലാളി ക്ഷേമനിധിയുടെ തനതു വരുമാനത്തിൽ കുറവു വന്നിട്ടുളള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കയറ്റുമതിക്കാരിൽ നിന്നും സെസ്സ് ഈടാക്കാൻ ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എന്തു നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ;

(സി) 2006 മുതൽ 2013 വരെ കയർ തൊഴിലാളി ക്ഷേമനിധിയുടെ തനതു വരുമാനം ഓരോ വർഷവും എത്രയായിരുന്നുവെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
## 20.01.2014-ലെ മറുപടിക്ക്

<u>മഞ്ചേശ്വരത്ത് കയർഫെഡിന്റെ ആഭിമുഖ്യത്തിൽ പുതിയ പദ്ധതി</u>

1317 ശ്രീ. പി. ബി. അബ്ദുൾ റസാക്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മഞ്ചേശ്വരം നിയോജക മണ്ഡലത്തിലെ കുമ്പള ഗ്രാമ പഞ്ചായത്ത് മൊഗ്രാലിൽ കയർ ഫെഡിന് 1.30 ഏക്കർ സ്ഥലം ഉള്ളതായി അറിയാമോ;

(ബി) പ്രസ്തുത സ്ഥലത്ത് കയർഫെഡിന്റെ സ്ഥാപനം തുടങ്ങുന്നതിനായി ഏതെങ്കിലും പ്രൊപ്പോസൽ കിട്ടിയിട്ടുണ്ടോ; വിശദാംശം അറിയിക്കുമോ;

(സി) എങ്കിൽ പ്രസ്തുത പ്രൊപ്പോസൽ അംഗീകരിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ഡി) പ്രസ്തുത സ്ഥലത്ത് കയർഫെഡിന്റെ സ്ഥാപനം ആരംഭിക്കുന്നതിന് അടിയന്തിരമായി നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 20.01.2014–ലെ മറുപടിക്ക്

<u>കാസർകോട്ടെ കയർ വ്യവസായസംഘങ്ങൾ</u>

1318 ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)

താഴെ കാണുന്ന ചോദ്യത്തിന്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

കാസർകോട് ജില്ലയിൽ കയർ വകുപ്പിനുകീഴിൽ എത്ര വ്യവസായസംഘങ്ങൾ ഉണ്ടെന്നും, ഇവയിൽ എത്രയെണ്ണം കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ടെന്നും വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 20.01.2014-ലെ മറുപടിക്ക്

<u>കയർ വകുപ്പുമന്ത്രി നടത്തിയ വിദേശയാത്രകൾ</u>

1319 ശ്രീ. കെ. ദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം കയർ വകുപ്പു മന്ത്രി എത്ര തവണ വിദേശയാത്ര നടത്തിയെന്ന് വെളിപ്പെടുത്താമോ; ഏതെല്ലാം രാജ്യങ്ങളാണ് സന്ദർശിച്ചത്; എത്ര ദിവസം വിദേശത്ത് ചെലവഴിച്ചു;

(ബി) യാത്രയുടെ ഉദ്ദേശ്യമെന്തായിരുന്നു; യാത്രാഫലമായി കയർ മേഖലയ്ക്ക് എന്ത് നേട്ടമാണുണ്ടായത് എന്ന് വ്യക്തമാക്കാമോ;

(സി) ഏതെല്ലാം രാജ്യങ്ങളിൽ ആവർത്തിച്ച് സന്ദർശനം നടത്തിയിട്ടുണ്ട്;

(ഡി) മന്ത്രിയും വകുപ്പ് സെക്രട്ടറിയും ഒരുമിച്ച് ഏതെല്ലാം രാജ്യങ്ങളിൽ എത്ര തവണ സന്ദർശനം നടത്തി എന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 20.01.2014-ലെ മറുപടിക്ക്

<u>കയർവകുപ്പുമന്ത്രിയും ഉദ്യോഗസ്ഥരും നടത്തിയ വിദേശയാത്രകൾ</u>

1320 ശ്രീ. കെ. കെ. ജയചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കയർ വകുപ്പുമന്ത്രിയുടെ വിദേശയാത്ര സംബന്ധിച്ച വിജിലൻസ് അന്വേഷണ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ;

(ബി) കയർ കൺസോർഷ്യത്തിനായി അനുവദിച്ച ഫണ്ടുൾപ്പെടെ ഉപയോഗിച്ച് കയർ വകുപ്പുമന്ത്രിയും ഉദ്യോഗസ്ഥരും നടത്തിയ വിദേശയാത്രകൾ ഏതൊക്കെയാണ്; ഓരോ യാത്രയ്ക്കും ചെലവായ തുക എത്ര; ഓരോ യാത്രയിലും ആരെല്ലാം ഉണ്ടായിരുന്നു; യാത്രകൾക്കായി എടുത്ത ഡോളർ എത്ര; ചെലവായ ഡോളർ എത്ര;

(സി) ഓരോ വിദേശയാത്രയ്ക്കുശേഷവും യാത്രാസംഘം സർക്കാരിന് റിപ്പോർട്ടുകൾ നൽകുകയുണ്ടായോ; വിശദമാക്കുമോ?